ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN


# എറണാകുളം മിസ്സം



Vol. 62
No.: 1
JANUARY 2019



www.ernakulamarchdiocese.org


ജനുവരി 20-ാം തീയതി
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്
എറണാകുളം-അങ്കമാലി അതിരൂപതയുടെ
തിരുനാൾ ആശംസകൾ!!!

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം

## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. ലോകസമാധാനദിനം

13. സർക്കുലർ 8/18 - അതിരൂപതാ കുടുംബദിനം

17. കർഷകദിനം

20. നിവേദിത, ചുണങ്ങംവേലി

21. നസ്രായന്റെ കൂടെ (1)

24. പിതാക്കന്മാരുടെ ശുശ്രൂഷകൾ

32. കച്ചേരിക്കാര്യം

35. നിര്യാതരായി

36. വാർത്തകളും വിശേഷങ്ങളും

37. Department of Catechesis

40. Department of Family Apostolate

41. Department of Evangelization

42. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

46. സി. എൽ. സി.

49. അതിരൂപതാ ഡയറി


**Editor: Rev. Fr. Jose Pollayil**

Volume : **62**
Issue No. : **1**
Month : **January 2019**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| *Msgr. Mankuzhikary Mathew, Kokkamangalam* | *1909* | *1934* | *2-1-2003* |
| Fr. Parakkal Scaria, Kanjoor | 1881 | 1901 | 4-1-1965 |
| Fr. Thayamkery Joseph, Edappally | 1905 | 1933 | 4-1-1986 |
| Fr. Kottackal George, Angamaly | 1930 | 1955 | 5-1-2006 |
| Fr. Vattoly Leon TOCD, Kadukutty | 1856 | 1883 | 7-1-1911 |
| Fr. Chakiath Scaria, Thycattussery | 1876 | 1895 | 7-1-1955 |
| Fr. Vattamkandathil George, Vadayar | 1891 | 1924 | 7-1-1967 |
| *Mar Augustine Kandathil, Chempu* | *1874* | *1901* | *10-1-1956* |
| Fr. Thekkinen Joseph, Manjapra | 1928 | 1956 | 11-1-1991 |
| Fr. Narayamparambil John, Thuravoor S. | 1924 | 1950 | 11-1-1997 |
| Fr. Panikkassery John, Panavally | 1888 | 1913 | 13-1-1953 |
| Fr. Mundadan Thariaku, Angamaly | 1868 | 1894 | 16-1-1950 |
| Fr. Chirackal Isaac, Muttom | 1895 | 1922 | 17-1-1962 |
| Fr. Painadeth Kochouseph, Karukutty | 1881 | 1910 | 19-1-1947 |
| Fr. Sankoorikal Elias TOCD, Narakkal | 1851 | 1876 | 21-1-1900 |
| Fr. Thayamkery Jacob, Kumbalam | 1878 | 1913 | 21-1-1944 |
| Fr. Puthenveliyil Jacob, Pallippuram | 1914 | 1948 | 23-1-2012 |
| Fr. Panjikaren Kuriakose, Muttom | 1864 | 1895 | 24-1-1940 |
| *Msgr. Chiramel Kuriakose, Kadukutty* | *1906* | *1936* | *24-1-1986* |
| Fr. Vadassery Paul, Palluruthy | 1900 | 1929 | 25-1-1978 |
| Fr. Edathichira Thomas, Chalil | 1922 | 1949 | 25-1-2000 |
| Fr. Edathichira Joseph, Chalil | 1937 | 1962 | 28-1-2015 |
| Fr. Chiramel Varkey, Koratty (Meloor) | | | 30-1-1901 |
| *Msgr. Naduvathussery Jacob, Aluva* | *1883* | *1909* | *30-1-1967* |
| Fr. Kattuparambil Varghese, Kadavanthra | 1953 | 1978 | 30-1-2015 |
| *Msgr. Menachery George , Puthenpally* | *1894* | *1924* | *31-1-1969* |
| Fr. Menachery Thomas, Karumaloor | 1945 | 1971 | 31-1-2000 |

Ref: 3166/K-5/KCBC/OL/DS 22.12.2018

# 52-ാം ലോകസമാധാനദിനാചരണം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

**1 ജനുവരി 2019**

*നല്ല രാഷ്ട്രീയം സമാധാനസേവനത്തിനുള്ളത്*

### 1. ഈ ഭവനത്തിനു സമാധാനം

യേശു തന്റെ ശിഷ്യന്മാരെ ദൗത്യവുമായി അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും" (ലൂക്കാ 10:56).

ക്രിസ്തുശിഷ്യന്മാരുടെ അതിപ്രധാനമായ ദൗത്യമാണ് സമാധാനം നല്കൽ. മനുഷ്യചരിത്രത്തെ അടയാളപ്പെടുത്തുന്ന ദുരന്തങ്ങൾക്കും അക്രമത്തിനുമിടയിൽ സമാധാനം കാംക്ഷിക്കുന്ന എല്ലാ മനുഷ്യർക്കുമാണ് ആ സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്! യേശു പിറന്ന 'വീട്' നാനാത്വവും ചരിത്രവൈവിധ്യവുംപേറുന്ന ഓരോ കുടുംബവും സമൂഹവും രാജ്യവും ഭുഖണ്ഡവുമാണ്. ഒന്നാമതായും സുപ്രധാനമായും അത് വ്യത്യാസമോ വേർതിരിവോ കൂടാതെ ഓരോ വ്യക്തിയുമാണ്. സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമായി ദൈവം നമ്മെ ഭരമേല്പിച്ചിട്ടുള്ള നമ്മുടെ 'പൊതുഭവനനമായ ലോകം കൂടിയാണത്. അതിനാൽ പുതുവത്സരാരംഭത്തിൽ എന്റെ ആശംസ ഇതാണ്: "ഈ വീടിന് സമാധാനം!"

### 2. നല്ല രാഷ്ട്രീയം നേരിടുന്ന വെല്ലുവിളി

ചാൾസ് പെഗ്വി എന്ന കവി വർണിച്ച പ്രത്യാശപോലെയാണ് സമാധാനം.[2] അക്രമത്തിന്റെ കല്ലുനിറഞ്ഞ ഭൂമിയിൽ വിടരാൻ കഷ്ടപ്പെടുന്ന മൃദുലമായ പുഷ്പം പോലെയാണത്. അധികാരത്തിനുവേണ്ടിയുള്ള ദാഹം ദുരുപയോഗത്തിലേക്കും അനീതിയിലേക്കും നയിക്കുന്നു. രാഷ്ട്രീയമെന്നത് മനുഷ്യസമൂഹത്തെയും സ്ഥാപനങ്ങളെയും പണിതുയർത്താനുള്ള അടിസ്ഥാനപരമായ മാർഗമാണ്. എന്നാൽ, മുഴുവൻ

സമൂഹത്തിനുവേണ്ടിയുള്ള സേവനത്തിന്റെ ഒരു രൂപമായി രാഷ്ട്രീയത്തെ കാണാതിരിക്കുമ്പോൾ അത് മർദനത്തിന്റെയും പാർശ്വവത്കരണത്തിന്റെയും നശിപ്പിക്കലിന്റെയും ഒരു മാർഗമായിത്തീരാം.

യേശു നമ്മോട് ഇങ്ങനെ പറയുന്നു: "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം" (മർക്കോസ് 9:35). പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ "രാഷ്ട്രീയത്തെ അതിന്റെ എല്ലാതലങ്ങളിലും - പ്രാദേശികമായും, ദേശീയമായും, ലോകവ്യാപകമായും - ഗൗരവത്തോടെ പരിഗണിക്കുക എന്നത് ഓരോ വ്യക്തിക്കുമുള്ള ഒരു കടമ ഉറപ്പിച്ചു പറയുകയെന്നതാണ്. നഗരത്തിനും ദേശത്തിനും മുഴുവൻ മനുഷ്യവംശത്തിനുമുള്ള നന്മയ്ക്കായി ഒരേ സമയം പ്രവർത്തിക്കുവാൻ നല്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ യാഥാർത്ഥ്യവും മൂല്യവും അംഗീകരിക്കുക എന്നതാണ് ആ കടമ."[3] തന്റെ രാജ്യത്ത് ജീവിക്കുന്നവരെ സംരക്ഷിക്കാനും അവർക്ക് യോഗ്യവും നീതിപൂർവകവുമായ ഭാവിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കാനും എല്ലാ പരിശ്രമവും ചെയ്യുക എന്ന വെല്ലുവിളിയാണ് രാഷ്ട്രീയ ധർമവും രാഷ്ട്രീയ ഉത്തരവാദിത്വവും ഒരു രാഷ്ട്രീയക്കാരന് നിരന്തരം വച്ചു നീട്ടുന്നത്. ജീവനോടും വ്യക്തികളുടെ സ്വാതന്ത്ര്യത്തോടും മഹത്ത്വത്തോടുമുള്ള മൗലികമായ ആദരവോടെ പ്രവർത്തിച്ചാൽ രാഷ്ട്രീയ ജീവിതം യഥാർത്ഥത്തിൽ പരസ്നേഹത്തിന്റെ ശ്രദ്ധേയമായ ഒരു രൂപമായി മാറും.

### 3. പരസ്നേഹവും മാനുഷിക സദ്ഗുണങ്ങളും: രാഷ്ട്രീയത്തിന്റെ അടിസ്ഥാനം

ബനഡിക്ട് പതിനാറാമൻ പാപ്പ എഴുതി: തന്റെ വിളിയനുസരിച്ചും നാട്ടിൽ ('പോളീസ്') തനിക്കുള്ള സ്വാധീനത്തിന്റെ തോതനുസരിച്ചും പരസ്നേഹം ആചരിക്കാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു... പരസ്നേഹത്താൽ സജീവമാക്കപ്പെടുമ്പോൾ പൊതുനന്മയ്ക്കുവേണ്ടിയുള്ള സമർപ്പണത്തിന് സെക്കുലറും രാഷ്ട്രീയവുമായ നിലപാടിനെക്കാൾ കൂടുതൽ മൂല്യമുണ്ടാകും. മനുഷ്യന്റെ ഭൗമികമായ പ്രവർത്തനം പരസ്നേഹത്താൽ പ്രചോദിതവും നിലനില്ക്കുന്നതുമാകുമ്പോൾ സാർവത്രികമായ ദൈവിക നഗരത്തിന്റെ നിർമാണത്തിന് അത് സഹായകമാകും. മനുഷ്യകുടംബത്തിന്റെ ചരിത്രത്തിനുള്ള ലക്ഷ്യം അതാണല്ലോ."[4] മനുഷ്യകുടുംബത്തിന്റെ നന്മയ്ക്കു

വേണ്ടി ഒന്നിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ശരിയായ എല്ലാ രാഷ്ട്രീയ പ്രവർത്തനത്തെയും നിലനിറുത്തുന്ന നീതി, സമത്വം, പരസ്പരബഹുമാനം, ആത്മാർത്ഥത, സത്യസന്ധത, വിശ്വസ്തത എന്നീ മാനുഷികഗുണങ്ങൾ അഭ്യസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കും അവർ ഏതുസംസ്കാരവും മതവും ഉള്ളവരായാലും അംഗീകരിക്കാൻ കഴിയുന്ന ഒരു പ്രോഗ്രാമാണിത്.

ഇതിനെ സംബന്ധിച്ചിടത്തോളം വിയറ്റ്നാമിലെ കർദിനാളായ ഫ്രാൻസ്വാ സേവ്യർ നുഗൂയൻ വാൻ ത്വാൻ നിർദേശിച്ച 'രാഷ്ട്രീയ പ്രവർത്തകന്റെ സൗഭാഗ്യങ്ങൾ' ഓർമിക്കുന്നത് സഹായകരമായിരിക്കും. 2002-ൽ അന്തരിച്ച വിശ്വസ്തനായ സുവിശേഷസാക്ഷിയാണദ്ദേഹം. അദ്ദേഹത്തിന്റെ നിർദേശങ്ങൾ ഇങ്ങനെയാണ്:

തന്റെ ധർമത്തെപ്പറ്റി ഉന്നതമായ ബോധവും അഗാധമായ ധാരണയുമുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! വ്യക്തിപരമായി വിശ്വസ്തതയ്ക്ക് മാതൃകയായിരിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! സ്വന്തം താത്പര്യത്തിനല്ലാതെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! സ്ഥിരതയുള്ള രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! ഐക്യത്തിനുവേണ്ടി അധ്വാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! മൗലികമായ പരിവർത്തനം പൂർത്തിയാക്കാൻ അധ്വാനിക്കുന്ന രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! മറ്റുള്ളവരെ കേൾക്കാൻ കഴിവുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! ഭയമില്ലാത്ത രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ![5]

ഓരോ തെരഞ്ഞെടുപ്പും വീണ്ടും തെരഞ്ഞെടുപ്പും പൊതുജീവിതത്തിന്റെ ഓരോ ഘട്ടവും നീതിയെയും നിയമത്തെയും പ്രചോദിപ്പിക്കുന്ന ആദർശത്തിന്റെ പ്രാഗരൂപത്തിലേക്ക് തിരിച്ചുപോകാനുള്ള സന്ദർഭമാണ്. ഒരുകാര്യം തീർച്ചയാണ്: നല്ല രാഷ്ട്രീയം സമാധാനത്തിന്റെ സേവനത്തിലാണ്. അത് മൗലികമായ മനുഷ്യാവകാശങ്ങളെ ആദരിക്കുകയും വളർത്തുകയും ചെയ്യും. അതേസമയം, വർത്തമാന-ഭാവി തലമുറകൾക്കിടയിൽ ഉണ്ടാകേണ്ട വിശ്വാസത്തിന്റെയും കൃതജ്ഞതയുടെയും ഒരു ബന്ധം സാധ്യമാക്കുന്ന പരസ്പര കടമകളും കൂടിയാണവ.

**4. രാഷ്ട്രീയമായ ദുർഗുണങ്ങൾ**

രാഷ്ട്രീയത്തിന് സദ്ഗുണങ്ങളോടൊപ്പം ദുർഗുണങ്ങളും ഉണ്ടെന്ന് ദുഃഖപൂർവം പറയേണ്ടിയിരിക്കുന്നു. ദുർഗുണങ്ങൾ ഉണ്ടാകുന്നത് വ്യക്തിപരമായ കഴിവുകുറവുകൊണ്ടോ, വ്യവസ്ഥിതിയുടെയും അതിന്റെ സ്ഥാപനങ്ങളുടെയും വീഴ്ചകൾകൊണ്ടോ ആണ്. ഈ ദുർഗുണങ്ങൾ മുഴുവൻ രാഷ്ട്രീയജീവിതത്തിന്റെയും വിശ്വാസ്യതയെ തകർക്കുന്നു. അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ തീരുമാനങ്ങളെയും പ്രവർത്തനങ്ങളെയും ദുഷിപ്പിക്കുന്നു. യഥാർത്ഥ ജനാധിപത്യത്തിന്റെ ആദർശത്തെ ഈ ദുർഗുണങ്ങൾ നശിപ്പിക്കുന്നു; പൊതുജീവിതത്തെ ദ്രോഹിക്കുന്നു; സാമൂഹികമായ ഐക്യത്തെ ഭീഷണിപ്പെടുത്തുന്നു. വിവിധ രൂപങ്ങളിലുള്ള അഴിമതിയെപ്പറ്റി നാം ഇവിടെ ചിന്തിക്കുന്നു: പൊതുവസ്തുക്കളുടെ കൈയടക്കൽ, വ്യക്തി ചൂഷണം, അവകാശലംഘനം, സമൂഹനിയമങ്ങളെ തകർക്കൽ, സത്യസന്ധതയില്ലാതെ ഉണ്ടാക്കുന്ന ലാഭം, ബലപ്രയോഗംകൊണ്ടോ ദേശീയതാത്പര്യം എന്ന പേരിലോ അധികാരത്തെ നീതീകരിക്കൽ, അധികാരം വിട്ടുകൊടുക്കാൻ വിസമ്മതിക്കൽ. ഇവയോട് വിദേശീഭയം, വർഗീയവാദം, പരിസ്ഥിതി പരിഗണിക്കാതിരിക്കൽ, പെട്ടെന്ന് ലാഭം ഉണ്ടാക്കാൻവേണ്ടി പ്രകൃതി വിഭവങ്ങളെ കൊള്ളയടിക്കൽ, വിപ്രവാസത്തിന് നിർബന്ധിക്കപ്പെട്ടവരോടുള്ള അവജ്ഞ എന്നിവ കൂടി കൂട്ടിച്ചേർക്കണം.

**5. നല്ല രാഷ്ട്രീയം യുവജനപങ്കാളിത്തവും അപരരിലുള്ള വിശ്വാസവും വളർത്തുന്നു**

രാഷ്ട്രീയ അധികാരം സവിശേഷാനുകൂല്യമുള്ള ചില വ്യക്തികളുടെ താത്പര്യങ്ങളെ മാത്രം സംരക്ഷിക്കാൻ ഉപയോഗിക്കുമ്പോൾ ഭാവി ഇരുളടയുന്നു. യുവജനങ്ങൾക്ക് ആത്മവിശ്വാസം ഇല്ലാതാകുന്നു. കാരണം, സമൂഹത്തിന്റെ അരികുകളിലാക്കപ്പെട്ടിരിക്കുന്നതിനാൽ ഭാവിയെ പടുത്തുയർത്താൻ സഹായിക്കാനുള്ള സാധ്യത അവർക്ക് അന്യമാകുന്നു. രാഷ്ട്രീയം യുവജനത്തിന്റെ കഴിവുകളെയും ആഗ്രഹങ്ങളെയും ശരിയായി സംരക്ഷിക്കുമ്പോൾ അവരുടെ വീക്ഷണത്തിലും അവരുടെ മുഖങ്ങളിലും സമാധാനം വളരുന്നു. 'നിന്നെ ഞാൻ വിശ്വാസത്തിലെടുക്കുന്നു, പൊതുനന്മയ്ക്കുവേണ്ടി നമുക്കേവർക്കും ഒന്നിച്ച് അധ്വാനിക്കാമെന്ന് നിന്നോടൊപ്പം ഞാനും വിശ്വസിക്കുന്നു' എന്ന ഒരു ഉറപ്പുനല്കലായി അതു പരിണമിക്കുന്നു. ഓരോ വ്യക്തിയുടെയും ദാനങ്ങളെയും കഴിവുകളെയും അംഗീകരിക്കുമ്പോൾ രാഷ്ട്രീയ

പ്രവർത്തനം സമാധാനത്തിന്റെ സേവനത്തിലാകും. "നീട്ടിയ കരത്തെക്കാൾ മനോഹരമായി എന്താണുള്ളത്? നല്കാനും സ്വീകരിക്കാനും വേണ്ടി ദൈവം ഉദ്ദേശിച്ചിട്ടുള്ളതാണത്. അതു കൊല്ലുന്നതോ പീഡിപ്പിക്കുന്നതോ ദൈവം ആഗ്രഹിക്കുന്നില്ല. (cf ഉത്പത്തി 4: 1 ff) മറിച്ച്, അത് ജീവിതത്തിൽ സംരക്ഷണവും സഹായവും നല്കണമെന്നാണ് അവിടന്ന് ഉദ്ദേശിക്കുന്നത്. നമ്മുടെ ഹൃദയത്തോടും ബുദ്ധിശക്തിയോടുമൊപ്പം നമ്മുടെ കരങ്ങൾക്കും സംവാദത്തിനുള്ള മാർഗ്ഗമാകാൻ കഴിയും."[6]

പൊതുഭവനം പണിയുന്നതിന് തന്റെ വക കല്ലു ദാനം ചെയ്യാൻ ഓരോ വ്യക്തിക്കും കഴിയും. നിയമത്തിലും വ്യക്തികൾ തമ്മിലുള്ള സുതാര്യവും ശരിയായതുമായ ബന്ധങ്ങളിലും അടിയുറച്ച സംശുദ്ധമായ രാഷ്ട്രീയ ജീവിതം എപ്പോഴും നവീകരണത്തിന് വിധേയമായിരിക്കും. ഓരോ സ്ത്രീയും പുരുഷനും തലമുറയും ബന്ധസംബന്ധവും ബുദ്ധിപരവും സാംസ്കാരികവും ആധ്യാത്മികവുമായ പുത്തൻ ഊർജ്ജങ്ങൾ ഉൾക്കൊള്ളുന്നെന്ന് നമുക്ക് ബോധ്യപ്പെടുമ്പോളാണ് അത് സംഭവിക്കുന്നത്. ഇത്തരം ഒരു വിശ്വസ്തത നേടുക അത്ര എളുപ്പമല്ല. മാനുഷികബന്ധങ്ങൾ സങ്കീർണമാണ്, പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിൽ. മറ്റുള്ളവരോട് അല്ലെങ്കിൽ അപരിചിതരോട് ഉള്ള ഭയത്തിൽ സ്വന്തം സുരക്ഷിതത്വത്തെപ്പറ്റിയുള്ള ഉത്കണ്ഠയിൽ വേരുറച്ച വിശ്വാസമില്ലായ്മയുടെ കാലഘട്ടമാണിത്. ആഗോളവ്യാപകമായ സാഹോദര്യത്തെ ചോദ്യം ചെയ്യുന്ന ദേശീയതാവാദത്തിന്റെ രൂപങ്ങളിലും മനോഭാവങ്ങളിലും തള്ളിക്കളയലിന്റെ രാഷ്ട്രീയ തലത്തിൽ അതു കാണുന്നു എന്നത് സങ്കടകരമാണ്. ആഗോള വ്യാപകമായ സാഹോദര്യം ഇന്ന് വളരെ അത്യാവശ്യമാണ്. നമ്മുടെ സമൂഹങ്ങൾക്ക് ഇന്ന് എന്നത്തെക്കാളുപരിയായി "സമാധാനശില്പികളെ" ആവശ്യമുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നന്മയും സന്തോഷവും ആഗ്രഹിക്കുന്ന ദൈവപിതാവിന്റെ സന്ദേശവാഹകരും യഥാർത്ഥ സാക്ഷികളുമാണവർ.

### 6. യുദ്ധവും ഭയപ്പെടുത്തൽ തന്ത്രവും പാടില്ല

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചിട്ട് 100 വർഷം കഴിഞ്ഞു. ആ യുദ്ധങ്ങളിൽ കൊല്ലപ്പെട്ട യുവജനങ്ങളെയും വിഭക്തമായ സമൂഹങ്ങളെയും നാം ഓർക്കുമ്പോൾ സഹോദരങ്ങളെ കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഭീകരമായ പാഠമാണ് നമുക്ക് ലഭിക്കുന്നത്. അധികാരവും ഭയവും തമ്മിലുള്ള സന്തുലിതാവസ്ഥയായിട്ടു മാത്രം

സമാധാനത്തെ കരുതാൻ പാടില്ല. മറ്റുള്ളവരെ ഭീഷണിപ്പെടുത്തുക യെന്നത് അവരെ വസ്തുക്കളായി കരുതുകയും അവരുടെ മഹത്ത്വം നിഷേധിക്കുകയും ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ടാണ് ഭയപ്പെടുത്തലും അനിയന്ത്രിതമായ യുദ്ധോപകരണ ശേഖരണവും ധാർമ്മികതയ്ക്കും സമാധാനത്തിനുള്ള അന്വേഷണത്തിനും എതിരാണെന്ന് നാം ഒരിക്കൽ കൂടി പറയുന്നത്. ഏറ്റവും ദുർബലരായവരെ ഭീഷണിപ്പെടുത്തൽ, മുഴുവൻ ജനതകളുടെയും നാടുവിടലിന് കാരണമായിത്തീരും. അവർ സമാധാനമുള്ള സ്ഥാനം അന്വേഷിക്കും. എല്ലാ കുറ്റവും കുടിയേറ്റക്കാരുടെ മേൽ ആരോപിക്കുന്നതും ദരിദ്രർക്ക് പ്രത്യാശ ഇല്ലാതാക്കുന്നതുമായ രാഷ്ട്രീയപ്രഭാഷണങ്ങൾ ശരിയല്ല. മറിച്ച്, ഓരോ വ്യക്തിയോടുമുള്ള - അവരുടെ പശ്ചാത്തലം ഏതായാലും - ആദരത്തിലും നിയമത്തോടും പൊതു നന്മയോടുമുള്ള ആദരത്തിലും നമ്മുടെ സംരക്ഷണത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതിയോടും മുൻതലമുറകളിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ള ധാർമിക പാരമ്പര്യ സമ്പന്നതയോടുമുള്ള ആദരത്തിലുമാണ് സമാധാനം സ്ഥാപിതമായിരിക്കുന്നതെന്ന് ഊന്നിപ്പറയേണ്ട ആവശ്യം ഇന്നുണ്ട്. സംഘർഷ പ്രദേശങ്ങളിൽ ജീവിക്കുന്ന കുട്ടികളെയും ജീവൻ സംരക്ഷിക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ടി അധ്വാനിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ ലോകത്തിൽ ആറ് കുട്ടികളിലൊരാൾ വീതം യുദ്ധത്തിന്റെ അക്രമത്തിനും അതിന്റെ അനന്തരഫലങ്ങൾക്കും ഇരയായിരിക്കുന്നു. അവരെ പട്ടാളക്കാരായി ചേർത്തിട്ടില്ലെങ്കിലും പട്ടാളക്കാർ തടങ്കലിലാക്കിയിട്ടില്ലെങ്കിലും ഇതുതന്നെയാണ് അവസ്ഥ! അവരെയും അവരുടെ മഹത്ത്വത്തെയും പരിരക്ഷിക്കാൻ അധ്വാനിക്കുന്നവർ നല്കുന്ന സാക്ഷ്യം മനുഷ്യവംശത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അമൂല്യമായിരിക്കും.

### 7. മഹത്തായ ഒരു സമാധാന പദ്ധതി

മനുഷ്യാവകാശത്തിന്റെ സാർവ്വത്രിക പ്രഖ്യാപനത്തിന്റെ എഴുപതാം വാർഷികം നാം ഈ ദിവസങ്ങളിൽ ആഘോഷിക്കുന്നു. രണ്ടാം ലോക മഹായുദ്ധാനന്തരമാണത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ നിരീക്ഷണം നമുക്ക് ഓർമ്മിക്കാം: "സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ ബോധം സ്വന്തം കടമകളുടെ നവീകരണത്തിലേക്ക് അവനെ നയിക്കാതിരിക്കരുത്.

അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നത് ആ അവകാശങ്ങളെ നിറവേറ്റുകയെന്ന കടമ കൂടി ഉൾക്കൊള്ളുന്നുണ്ട്. എന്തെന്നാൽ അവ മനുഷ്യന്റെ വ്യക്തിപരമായ മഹത്ത്വത്തിന്റേതാണ്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നതിൽ മറ്റുള്ളവർ അവ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് ഉൾക്കൊള്ളുന്നുണ്ട്"[7] ഫലത്തിൽ മനുഷ്യരുടെ പരസ്പര ഉത്തരവാദിത്വത്തിലും പരസ്പര ആശ്രയത്തിലും അധിഷ്ഠിതമായ മഹത്തായ രാഷ്ട്രീയ പദ്ധതിയുടെ ഫലമാണ് സമാധാനം. എന്നാൽ അതൊരു വെല്ലുവിളി കൂടിയാണ്. അതാകട്ടെ, എന്നും പുതുതായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിനു ഹൃദയത്തിന്റെയും ആത്മാവിന്റെയും മാനസാന്തരം ആവശ്യമാണ്. അത് ഒരേ സമയം ആന്തരികവും ബാഹ്യവുമാണ്. അതിന് വേർതിരിക്കാനാവാത്ത മൂന്നു വശങ്ങളുണ്ട്:

- മയമില്ലായ്മയെയും കോപത്തെയും ക്ഷമയില്ലായ്മയെയും തള്ളിക്കളഞ്ഞുകൊണ്ട് തന്നോടു തന്നെ സമാധാനത്തിലായിരിക്കൽ. വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ വാക്കുകളിൽ പറഞ്ഞാൽ "മറ്റുള്ളവർക്കു അല്പം മാധുര്യം നല്കുന്നതിന്" തന്നോടു തന്നെ "അല്പം മാധുര്യമുള്ളവനായിരിക്കുക"

- മറ്റുള്ളവരുമായി, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, അപരിചിതർ, ദരിദ്രരും പീഡിതരുമായവർ എന്നിവരുമായി, സമാധാനത്തിൽ കഴിയുക. അവരെ കണ്ടുമുട്ടുന്നതിൽ ഭയപ്പെടാതെയും അവർക്കു പറയാനുള്ളതു ശ്രവിച്ചും അങ്ങനെ ചെയ്യുക.

- എല്ലാ സൃഷ്ടികളുമായി സമാധാനത്തിൽ കഴിയുക. ദൈവിക ദാനത്തിന്റെ മഹത്ത്വം വീണ്ടും കണ്ടെത്തണം. ഈ ലോകത്തിലെ നിവാസികളും പൗരന്മാരും ഭാവിയുടെ നിർമ്മാതാക്കളുമെന്ന നിലയിൽ നമുക്കുള്ള വ്യക്തിപരവും പങ്കുവയ്ക്കപ്പെടുന്നതുമായ ഉത്തരവാദിത്വത്തെ വീണ്ടും കണ്ടെത്തണം.

മനുഷ്യനു മുറിവുണ്ടാക്കാവുന്ന ഓരോ സാഹചര്യത്തെയും കുറിച്ച് അവബോധമുള്ളതും ആഴത്തിൽ ആകുലതയുള്ളതുമായ സമാധാനത്തിന്റെ രാഷ്ട്രീയത്തിന് എപ്പോഴും പ്രചോദനം സ്വീകരിക്കാവുന്നത് മറിയത്തിന്റെ സ്തോത്രഗീതത്തിൽ നിന്നാണ്. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അമ്മയുടെ, സമാധാനത്തിന്റെ രാജ്ഞിയുടെ കീർത്ത

നമാണത്. അത് മുഴുവൻ മനുഷ്യവംശത്തിന്റെയും നാമത്തിൽ ആല പിക്കപ്പെട്ടതാണ്. “അവിടത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവികാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി... നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതിക ളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ” (ലൂക്ക 1: 50-55)

വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2018

**ഫ്രാൻസിസ് മാർപാപ്പ**

**Footnotes**

[1] Cf. Lk 2:14: “Glory to God in the highest, and on earth peace among men with whom he is pleased”.
[2] Cf. Le Porche du mystère de la deuxième vertu, Paris, 1986.
[3] Apostolic Letter Octogesima Adveniens (14 May 1971), 46.
[4] Encyclical Letter Caritas in Veritate (29 June 2009), 7.
[5] Cf. Address at the “Civitas” Exhibition-Convention in Padua: “30 Giorni”, no. 5, 2002.
[6] BENEDICT XVI, Address to the Authorities of Benin, Cotonou, 19 November 2011.
[7] Encyclical Letter Pacem in Terris (11 April 1963), ed. Carlen, 24.

സർക്കുലർ 8/18

# അതിരൂപതാ കുടുംബദിനം

മിശിഹായിൽ പ്രിയ കുടുംബങ്ങളേ,

ഇന്ന് തിരുകുടുംബ ഞായറാഴ്ച നമ്മുടെ അതിരൂപതയിൽ കുടുംബ ദിനമായി ആചരിക്കുകയാണല്ലോ. നിങ്ങൾക്കെല്ലാവർക്കും കുടുംബ ദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. നമ്മുടെ അതിരൂപതയുടെ പ്രസരിപ്പിനും ദൈവരാജ്യദൗത്യത്തിലുള്ള വളർച്ചയ്ക്കും കാരണം നമ്മുടെ കുടുംബങ്ങളാണെന്ന സത്യം ഈ അവസരത്തിൽ ഞാൻ പ്രത്യേകം സ്മരിക്കുന്നു. സുഖത്തിലും ദുഃഖത്തിലും വിശ്വസ്തത യോടെ വർത്തിച്ച് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുന്ന ദമ്പതികളെയും, ദൈവം തന്ന മക്കളെ ഇരുകൈയ്യും നീട്ടി സ്വീകരിച്ച് അവരെ വളർത്തുവാൻ അത്യധ്വാനം നടത്തുന്ന എല്ലാ മാതാപിതാക്ക ളെയും പ്രത്യേകിച്ച്, ജീവിതസഖി നഷ്ടപ്പെട്ട് തനിയെ മക്കളെ വളർത്തുന്ന വിധവകളെയും വിഭാര്യരെയും, വാർദ്ധക്യത്തിലെത്തി യിരിക്കുന്ന മാതാപിതാക്കളെ സൻമനസ്സാ ശുശ്രൂഷിക്കുന്ന എല്ലാ മക്ക ളെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. മാത്രമല്ല, കുടുംബബന്ധ ങ്ങളെ ശക്തിപ്പെടുത്തുവാൻ സമർപ്പണബോധത്തോടെ അധ്വാനിക്കുന്ന എല്ലാ കുടുംബപ്രേഷിത പ്രവർത്തകരെയും ഈ ദിനത്തിൽ ഞാൻ അനുമോദിക്കുന്നു.

ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന അപ്പസ്തോലിക ലേഖനത്തിൽ സൂചിപ്പിക്കുന്നതുപോലെ, പൂർണ്ണത കൈവരിച്ച കുടും ബങ്ങൾ ഭൂമിയിലില്ല. എല്ലാ കുടുംബങ്ങളും പൂർണ്ണതയുടെ പാതയി ലാണ്. ആയതിനാൽ, ഒരു കുടുംബത്തെയും നമ്മുടെ അജപാലനശു ശ്രൂഷയിൽ നിന്നു മാറ്റി നിർത്തരുത്. നമ്മുടെ ഇടയിൽ സാമ്പത്തിക മായി തളർന്നവരെ സഹായിക്കുകയെന്ന നല്ല രീതി ഇപ്പോൾ ഇടവക കളിലും കുടുംബങ്ങളിലും വ്യക്തികളിലും കൂടുതലായി കണ്ടുവരു ന്നുണ്ട്. ഇത് പ്രോത്സാഹനജനകമാണ്. എന്നാൽ, ഇവയിൽ മാത്രം ഒതുങ്ങരുത്. നമ്മുടെ ചുറ്റിലുമുള്ള ഒത്തിരിയേറെ കുടുംബങ്ങൾ ബന്ധ ങ്ങളിൽ വിള്ളലുകൾ അനുഭവിക്കുന്നുണ്ട്. ജീവിതപങ്കാളിയുടെ വികലമായ സ്വഭാവം കാരണം വിവാഹജീവിതം ആരോഗ്യകരമായി നയിക്കുവാൻ ഏറെ ബുദ്ധിമുട്ടുന്ന വ്യക്തികളുണ്ട്. ചിലർ അസ ഹനീയമായ സാഹചര്യമെന്ന് അവർക്ക് തോന്നിയപ്പോൾ വിവാഹ

മോചനം നടത്തി. മറ്റു ചിലർ വിവാഹമോചനത്തിന്റെ വക്കിലെത്തി നിൽക്കുന്നു, ഈശോയുടെ നാമത്തിൽ ദേവാലയത്തിൽവച്ച് ആശീർവദിക്കപ്പെട്ട വിവാഹങ്ങൾ വേർപിരിയുന്നത് ഏറെ ദുഃഖകര മാണ്. എന്നാൽ, അവരെ നമ്മുടെ അജപാലന ശുശ്രൂഷയിൽ നിന്നു തെറ്റുചെയ്തവർ എന്ന നിലയിൽ മാറ്റിനിർത്തുന്നത് ഉചിതമല്ല. മക്കളെ വളരെ പ്രതീക്ഷയോടെ വളർത്തിയിട്ട് അവർ വഴിതെറ്റി നടക്കുന്ന അവസ്ഥ കാണേണ്ടിവരുന്ന കുടുംബങ്ങളെ നമ്മൾ സഭയോട് ചേർത്ത് നിർത്തണം. സ്വവർഗ ആഭിമുഖ്യമുള്ള വ്യക്തികളെ ഒറ്റപ്പെടുത്തി മാറ്റി നിർത്താതെ സഭയുടെ പ്രത്യേക ശ്രദ്ധ അവർക്ക് നൽകണം. മുറിവേറ്റ വ്യക്തികളെ അവഗണിക്കാതെ അവരുടെ ജീവിതത്തിന്റെ മഹത്ത്വത്തെ ഗൗരവമായി പരിഗണിച്ചുകൊണ്ട് ആതുരാലയ ചൈതന്യത്തോടെ (സ്നേഹത്തിന്റെ ആനന്ദം, 291) സൗഖ്യത്തിന്റെ ലേപനം പുരട്ടുന്ന ഒരു കൂട്ടായ്മയായി നമ്മുടെ ഇടവകകൾ മാറണം. വഴി തെറ്റിയതിനെ തേടിനടക്കുന്ന ഇടയനായ ഈശോയുടെ മാതൃക സ്വീകരിച്ച് മുറിവേ റ്റവർക്കും പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന നമ്മുടെ ഇടവകകൾ നല്കണം.

തകർന്ന കുടുംബങ്ങളെ കൂട്ടിയിണക്കുവാൻ, മുറിവേറ്റവരെ സുഖപ്പെ ടുത്തുവാൻ കുടുംബങ്ങൾതന്നെ മുന്നോട്ടിറങ്ങണം. സഹോദരങ്ങളുടെ ദുഃഖം കണ്ടിട്ടും മനസ്സലിയാതെയും അവരുടെ മുറിവുണക്കുവാൻ മുൻകൈ എടുക്കാതെയുമിരിക്കുന്നത് ക്രിസ്തീയ കുടുംബത്തിനു ചേർന്നതല്ല. നമ്മുടെ ഇടവകകളിൽ വൈദീകരോടും സന്ന്യസ്തരോടും ചേർന്ന് അജപാലന ശുശ്രൂഷയിൽ ഏർപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. ഈ സ്ഥിതിക്ക് മാറ്റം വരേണ്ടത് അത്യാ വശ്യമാണ്.

അടുത്ത വർഷത്തെ നമ്മുടെ അതിരൂപതാ കുടുംബപ്രേഷിത പ്രവർത്തനങ്ങളുടെ ആപ്തവാക്യം “തിരുവിവാഹിതർ സഭയിലെ സഹഇടയർ” എന്നതാണ്. സഭയിൽ വിവാഹ ജീവിതം നയിക്കുന്ന ഒരോ വ്യക്തിക്കും ഇടയ ധർമ്മമുണ്ട്. കുടുംബം ഗാർഹീക സഭയാണ്. ഈ സഭയുടെ നേതാവ് എന്ന നിലയിൽ വിശാല അർത്ഥത്തിൽ ഒരോ വിവാഹിതരും കുടുംബത്തിൽ ഇടയരാണ്. ഒരു മെത്രാനെന്ന നിലയിൽ ഈ അതിരൂപതയിലെ അജപാലന ശുശ്രൂഷ എന്നെ ഏല്പിച്ചിരിക്കു ന്നതുപോലെ കുടുംബങ്ങളുടെ അജപാലന ശുശ്രൂഷ വിവാഹിതരെ യാണ് ഏല്പിച്ചിരിക്കുന്നത്. സത്യവിശ്വാസത്തിലും സന്മാർഗത്തിലും

വ്യാപരിക്കുന്നവിധത്തിൽ കുടുംബാംഗങ്ങൾക്കു പോഷണം നല്കുക, മേൽനോട്ടം വഹിക്കുക, നേതൃത്വം നല്കുക, അവരെ സംരക്ഷിക്കുക, നയിക്കുക, എന്നിവ കുടുംബത്തിലെ ഇടയരായ വിവാഹിതരുടെ ഉത്തരവാദിത്വമാണ്. പരസ്പരം പ്രകടിപ്പിക്കുന്ന കരുതൽ, സമർപ്പണം, ദൈവാശ്രയബോധം, ക്ഷമ, കാരുണ്യം എന്നിവവഴി വിവാഹിതർ തങ്ങളുടെ കുടുംബാംഗങ്ങൾക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തണം. വളർന്നു വരുന്ന മക്കൾ ക്രിസ്തുവാകുന്ന സൗന്ദര്യത്തിലേക്ക് മാതാപിതാക്കൾവഴി ആകർഷിക്കപ്പെടണം. കുടുംബത്തിലെ ഒരംഗംപോലും വിശ്വാസത്തിൽനിന്ന് അകന്നുപോകാതിരിക്കുവാൻ വിവാഹിതർ അതീവ ജാഗരൂകത പാലിക്കണം.

കുടുംബമാകുന്ന ഗാർഹീക സഭയ്ക്ക് നേതൃത്വം നല്കുന്ന വിവാഹിതർക്ക് കുടുംബത്തിനു പുറത്തു സഭയിലും സമൂഹത്തിലും അജപാലന ശുശ്രൂഷ നിർവഹിക്കുവാനുണ്ട്. ഓരോ ക്രിസ്തീയ കുടുംബവും പ്രേഷിത കുടുംബമാണ്. കുടുംബങ്ങളുടെ സ്വകാര്യവത്ക്കരണം ക്രിസ്തീയ അരൂപിക്കു ചേർന്നതല്ല. സ്വന്തം കുടുംബാംഗങ്ങളുടെ ക്ഷേമം മാത്രമായിരിക്കരുത് ഒരു കുടുംബത്തിന്റെ ലക്ഷ്യം, മറിച്ച്, ഓരോ കുടുംബത്തിനും പകരംവയ്ക്കാനാകാത്ത സാമൂഹീക ഉത്തരവാദിത്വമുണ്ട്. വിവാഹമോചനത്തന്റെ വക്കിലെത്തി നില്കുന്ന ദമ്പതികൾ, വിവാഹപ്രായമെത്തിയിട്ടും വിവാഹം ചെയ്യാനാകാതെ വിഷമിക്കുന്ന അനേകം യുവാക്കന്മാർ, അവഗണനയുടെ കയ്പ് കടിച്ചിറക്കി കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾ, മാതാപിതാക്കളുടെ അനാരോഗ്യകരമായ പ്രതികരണങ്ങൾ മൂലം വൈകല്യത്തിന്റെ ഉടമകളായി മാറുന്ന കുഞ്ഞുമക്കൾ, യുവത്വത്തിന്റെ ചുറുചുറുക്കിൽ മദ്യത്തിനും മറ്റു ദുശീലങ്ങൾക്കും അടിമയായി മാറുന്ന ചെറുപ്പക്കാർ, ഭിന്നശേഷിയുള്ള മക്കളെ വളർത്തുവാൻ കഷ്ടപ്പെടുന്ന മാതാപിതാക്കൾ ഇവരെയെല്ലാം നമ്മുടെ കുടുംബത്തോടു ചേർത്തു നിർത്തണം. സഭയാകുന്ന കുടുംബത്തിന്റെ വാത്സല്യം അവർക്ക് നല്കണം.

സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെ ഉയർച്ചയ്ക്കുവേണ്ടി ഇടവകയുടെ ഇടയനായ വികാരിയച്ചനോടൊപ്പം അജപാലനത്തിലും സുവിശേഷവേലയിലും ഏർപ്പെടണം. ഈ അർത്ഥത്തിൽ വിവാഹിതർ സഹഇടയ ധർമ്മം നിർവഹിക്കേണ്ടവരാണ്. ഇടവകയുടെ ഇടയനും കുടുംബമാകുന്ന ഗാർഹീക സഭയുടെ ഇടയരും അജപാലന ശുശ്രൂഷയിലെ സഹകാരികളാണ്. അജപാലനത്തിൽ വൈദികർക്കും, വിവാഹി

തർക്കും അവരുടേതായ ഇടമുണ്ട്. ഈ ഇടങ്ങൾ പരസ്പരം ബഹുമാനിക്കപ്പെടേണ്ടതാണ്. സഭയെ കുടുംബങ്ങളുടെ കുടുംബമായിക്കണ്ട് വൈദികരും വിവാഹിതരും അജപാലന ശുശ്രൂഷയിൽ ഏർപ്പെടണം.

ഇപ്രകാരം കുടുംബങ്ങളുടെ സഹകരണത്തോടെ നമ്മുടെ അതിരൂപതയിലെ അജപാലന ശുശ്രൂഷ കൂടുതൽ ഫലവത്താകട്ടെയെന്നു ഞാൻ ആഗ്രഹിക്കുന്നു. ആരേയും മാറ്റിനിർത്താത്ത സ്നേഹത്തിന്റെ ഉടമകളായി, തെറ്റുചെയ്തവനേയും മാറോടു ചേർക്കുന്ന യേശുക്രിസ്തുവിന്റെ മക്കളായി നമ്മൾ രൂപാന്തരപ്പെടുവാൻ തിരുകുടുംബത്തിന്റെ മാദ്ധ്യസ്ഥ്യം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

വാത്സല്യത്തോടെ,



**ജേക്കബ് മനത്തോടത്ത് പിതാവ്**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

26/12/2018

............................................

NB: **2018 ഡിസംബർ 30-ാം തീയതി** ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നൽകിയ സർക്കുലർ.

### കർഷകർ ഒരു കുടക്കീഴിൽ

# ഇൻഫാം കർഷകദിനം – ജനുവരി 15

## സർക്കുലർ

ഈശോയിൽ പ്രിയ സഹോദരങ്ങളെ,

എല്ലാവർഷവും ജനുവരി 15, കേരളസഭ 'കർഷകദിനമായി' ആചരിക്കുന്ന ദിവസമാണ്. കർഷകജനതയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി രൂപം കൊണ്ട വലിയൊരു മുന്നേറ്റമാണ് 'ഇൻഫാം'. ഒരു പതിറ്റാണ്ടിലേറെയായി പല കർഷകസ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ ഇൻഫാമിനു സാധിച്ചു. ഇതിന്റെ പിന്നിൽ വലിയ പങ്കുവഹിക്കുന്നതോടൊപ്പം അക്ഷീണമായി പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാവരെയും നന്ദിയോടോർക്കുന്നു.

ഇൻഫാമിന്റെ പ്രസക്തി വളരെ ശക്തമായി വർദ്ധിച്ചിരിക്കുന്ന ഒരു സമയമാണിത്. മാനവരാശിയുടെ നിലനില്പിനാധാരമായ കാർഷികവിഭവങ്ങളുടെ ഉദ്പാദനം ദൈവീകവേലയാണ്. കഠിനാധ്വാനം ചെയ്യുന്ന കർഷകരുടെ ജീവന്റെ ഭാഗമാണത്. ജലപ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും, അഴിമതിയും, ചൂഷണവും, വിലത്തകർച്ചയും നിക്ഷിപ്ത താത്പര്യങ്ങളോടുകൂടിയ രാഷ്ട്രീയ ഇടപെടലുകളും വിഭവങ്ങളുടെ പ്രാഥമിക ഉല്പാദകരായ കർഷകരെ അങ്ങേയറ്റം പ്രതിസന്ധിയിലാക്കി. വൻകിട കച്ചവടക്കാരുടെയും വ്യവസായികളുടെയും താളത്തിനൊത്ത് തുള്ളുന്ന ഭരണകൂടനയം കൂടിയായപ്പോൾ ഈ പ്രതിസന്ധി രൂക്ഷമായി. ഇതെല്ലാം കൂടിച്ചേരുമ്പോൾ സമ്പൂർണ്ണമായ അർത്ഥത്തിൽ കർഷകരോടുള്ള ചതി എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഒരു കാലത്ത് കൃഷിയും കൃഷിയിടങ്ങളും മനുഷ്യന് പ്രതീക്ഷയും ആത്മസംതൃപ്തിയും സുരക്ഷിതത്വവും നല്കിയിരുന്നു എന്നാൽ, ഇന്നിത് അസ്വസ്ഥതയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്ന സാഹചര്യമാണ്. ഈ കൃഷിയിടങ്ങളെ നോക്കി നെടുവീർപ്പെട്ടുകൊണ്ട് നിരാശയുടെ വക്കിൽ കർഷകൻ ആത്മഹത്യയിലേക്ക് തിരിയുന്നു. രാജ്യം മുഴുവൻ അലയടിച്ചുയരുന്ന കർഷകമുന്നേറ്റങ്ങൾ ഈ വസ്തുതയ്ക്ക് അടിവരയിടുന്നതാണ്.

കേരളത്തിൽ കർഷകനെ ഈ ദുരവസ്ഥയിലേക്കെത്തിച്ചത് പല ഘടകങ്ങളാണ്. കൃഷി ചെയ്യുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കവും പട്ടയം കിട്ടാത്ത അവസ്ഥയും അതിൽ പ്രധാനമാണ്.

അതുകൊണ്ട് സ്വന്തം അധ്വാനത്തിന്റെ ഫലം കണ്ട് അഭിമാനിക്കേണ്ട കർഷകമനസ് കള്ളനെപ്പോലെ നടക്കേണ്ട ദുരവസ്ഥയിലേക്കെത്തിച്ചേർന്നിരിക്കുന്നു. കാരണം ഭൂമിക്കുമേൽ ഇപ്പോഴുള്ള അവകാശങ്ങൾ കൂടി നഷ്ടപ്പെടാൻ പോകുന്നു. ഉള്ള പട്ടയത്തിന്മേൽ ഉപാധികൾ വയ്ക്കപ്പെടുന്നു. (ഗാഡ്ഗിൽ, കസ്തൂരിരംഗൻ). കൈവശമുള്ളതുപോലും അന്യാധീനപ്പെടുന്ന ദുരവസ്ഥയാണത്. ഉപാധിരഹിതപട്ടയമില്ലാത്തതിനാൽ ലോണോ സബ്സിഡികളോ ലഭിക്കാനുള്ള അർഹതയും നഷ്ടപ്പെടുന്നു. ജനപ്രതിനിധികളെയും കർഷകരെയും പോലും ഉൾക്കൊള്ളിക്കാതെ തയ്യാറാക്കിയ മാധവ ഗാഡ്ഗില്ലും, കസ്തൂരിരംഗൻ റിപ്പോർട്ടും എം.എസ് സ്വാമിനാഥൻ റിപ്പോർട്ടും എല്ലാം സമഗ്രമായ പഠനശേഷം തയ്യാറാക്കിയിരുന്നുവെങ്കിൽ കൂടുതൽ അനുയോജ്യമായേനെ.

ഇക്കാലത്തെ കാർഷികപ്രശ്നങ്ങൾ ചെറുതല്ല. വർഷങ്ങളുടെ ഈ തളർച്ച ഇന്ന് കർഷകനെ കൃഷിഭൂമി വിഭജിച്ച് വിൽക്കാൻ പ്രേരിപ്പിക്കുന്നു. കച്ചവടക്കണ്ണോടെ കർഷകഭൂമിയെ നോക്കുന്ന ലാൻഡ് മാഫിയകൾ മോഹവിലയും കൊടുത്ത് കർഷകഭൂമിയെ തുണ്ടംതുണ്ടമാക്കിക്കൊണ്ടിരിക്കുന്നു. മറ്റൊരു ദുരിതം വിത്തിന്റെ അഭാവം ആണ്. ബഹുരാഷ്ട്രകമ്പനികളുടെ ഇടപെടലുകളും അവയ്ക്ക് തടയിടാൻ പര്യാപ്തമല്ലാത്ത സർക്കാർ നിലപാടുകളും കർഷകവിത്തിന്റെ പത്തായങ്ങളെ ശൂന്യമാക്കിയിരിക്കുന്നു. ജനിതകമാറ്റം വരുത്താത്ത സ്വന്തം വിത്തിനങ്ങൾ എന്ന കർഷകസ്വപ്നവും പൊലിഞ്ഞുപോയിരിക്കുന്നു. അതുപോലെതന്നെ പ്രാദേശിക സർക്കാരുകൾക്ക് വളങ്ങളുടെയും കീടനാശിനികളുടെയും നിർമ്മാണത്തിനുമേൽ  നിയന്ത്രണം ഇല്ലാത്തതുകൊണ്ട് വളങ്ങളുടെ ഉദ്പാദനം ബഹുരാഷ്ട്രകമ്പനികളുടെ കുത്തകയായി. ക്രമാതീതമായ രാസവസ്തുക്കളുടെ ഉപയോഗമാകട്ടെ മണ്ണിലെ സർവ്വപ്രകൃതിദത്ത ലവണങ്ങളും നശിച്ചുപോകുന്നതിന് കാരണമായി. അതുപോലെ തന്നെ ജലസേചനത്തിന്, പാഴായിപോകുന്ന ജലം തടയാനുള്ള ശാസ്ത്രീയമാർഗ്ഗങ്ങളുമായി നാം ഏറെ ദൂരം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. ഒപ്പം ജലം തകർത്തെറിഞ്ഞ പ്രളയത്തിന്റെ മുറിപ്പാടുകൾ മായിച്ച് ലോകജനതക്കുമുമ്പിൽ അതിജീവനത്തിന്റെ മാതൃക നൽകിയതിൽ നമുക്ക് അഭിമാനിക്കാം.

എക്കാലവും കർഷകരെ ദുരിതത്തിലാക്കുന്ന മറ്റൊരു പ്രധാനപ്രശ്നം ഉത്പന്നങ്ങളുടെ വിലസ്ഥിരത ഇല്ലായ്മയാണ്. മറ്റു രാജ്യങ്ങൾ അവരുടെ കാർഷികവ്യവസായ ഉത്പന്നങ്ങൾക്ക് വിലയും താങ്ങുവിലയും

നിശ്ചയിച്ച് കർഷകരിൽ എത്തിച്ചപ്പോൾ ഇന്ത്യക്കത് സാധിച്ചില്ല. തത്ഫ ലമായി വില നിശ്ചയിക്കുന്നത് ഇടനിലക്കാരും കുത്തകകമ്പനികളു മായി. സാമ്പത്തികമായ പരാധീനതമൂലം കിട്ടുന്ന വിലക്ക് തന്റെ ഉല്പ ന്നങ്ങൾ വിൽക്കാനും കർഷകൻ നിർബന്ധിതനാകുന്നു. പ്രത്യേകിച്ചും ഗ്രാമങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവഉത്പന്നങ്ങൾക്കുപോലും മാന്യമായ വില ലഭിക്കുന്നില്ല. റബർ ഉത്പാദനത്തിൽ ഇറക്കുമതി നിയ ന്ത്രിക്കാതെ കർഷകന് രക്ഷയുണ്ടാവില്ല. നിസാരമായ തുക ഡ്യൂട്ടി കൊടുത്ത് വലിയ ടയർ കമ്പനികൾ വൻതോതിൽ റബർ ഇറക്കുമതി ചെയ്യുന്നു. '50%' ഗവൺമെന്റ് സബ്സിഡി നല്കിക്കൊണ്ടിരുന്ന പല ഉത്പന്നങ്ങൾക്കും ഗാട്ട് കരാർ വന്നതോടുകൂടി 5% എന്ന നിലയായി. ഇതിനൊപ്പം തന്നെ എല്ലാ നാണ്യവിളകളുടെയും ഉല്പാദനച്ചിലവു കൂടിയതും കർഷകരുടെ ദുരിതം വർദ്ധിപ്പിച്ചു. ഉല്പന്നത്തിനു വില നിശ്ചയിക്കുവാൻ കർഷകൻ കരുത്തുള്ളവനായെങ്കിലെ കൃഷി വിജ യിക്കുകയുള്ളൂ.

അടുത്ത കാലത്തായി കർഷകർ നേരിടുന്ന മറ്റൊരു പ്രതിസന്ധി വന്യ മൃഗങ്ങളുടെ ആക്രമണം ആണ്. ഇവയെ സംരക്ഷിക്കാൻ ഗവൺമെന്റ് എടുക്കുന്ന നിലപാടിന്റെ പത്തിലൊന്ന് കർഷകരെ സംരക്ഷിക്കാൻ വേണ്ടി എടുത്തിരുന്നെങ്കിൽ കർഷികമേഖല എന്നേ രക്ഷപെട്ടേനെ. ഊണും ഉറക്കവുമില്ലാതെ താലോലിച്ചു വളർത്തിയ വിളകൾ വന്യമൃ ഗങ്ങൾ നശിപ്പിക്കുമ്പോൾ നിസഹായരായിത്തീരുകയാണ് കർഷകർ. മൃഗസ്നേഹത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും പേരിൽ നട ത്തുന്ന കാപട്യങ്ങൾ തിരിച്ചറിഞ്ഞ് കർഷകന്റെ സ്വത്തും ജീവനും വില പ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് പുതിയ നിയമനിർമ്മാണങ്ങൾ വരണം.

ഇന്നത്തെ കാർഷികമേഖലയിൽ ക്രിയാത്മകമായ ചില മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു. അതിൽ ഏറ്റവും കാതലായത് ശക്തമായ സംഘടനാപ്രവർത്തനങ്ങളാണ്. ജാതി - മത - രാഷ്ട്രീയ ഭേദമന്യേ 'കർഷകർ' എന്ന കുടക്കുകീഴിൽ വേണം നാം ഒന്നിക്കാൻ. ഗ്രാമതല ങ്ങളിൽ കർഷകർ സംഘടിക്കണം. കർഷക ഉന്നമനം മാത്രം ലക്ഷ്യം വച്ച് കൂട്ടായ്മയോടെ പ്രവർത്തിക്കണം. പരമ്പരാഗത കൃഷിരീതി കൾക്കൊപ്പം നൂതനമായ കൃഷിരീതികളും അവലംബിക്കണം. ഗവ ണ്മെന്റ് ജോലിയിലോ ഓഫീസ് വർക്കിലോ മാത്രം സായൂജ്യം കാണാതെ കൃഷിയോട് താത്പര്യമുള്ള യുവജനങ്ങളുടെ ഒരു തലമു റയും വളർന്നുവരണം.

കുഞ്ഞുങ്ങളെ നാം ചെറുപ്പത്തിൽതന്നെ "മാനം മുട്ടെ വളരാനുള്ള" സ്വപ്നം കാണാൻ പഠിപ്പിക്കും. പക്ഷേ, വല്ലപ്പോഴുമൊക്കെ കൃഷിയിടങ്ങളിൽ കൂടെ കൊണ്ടുപോയി "മാനം മുട്ടെ" വളർന്നു നിൽക്കുന്ന മരങ്ങളെ കാണിച്ചുകൊടുക്കുകയും അങ്ങനെ വളരാനുള്ള ഒരു മരത്തെ നടാൻ പഠിപ്പിക്കുകയും ചെയ്താൽ കൃഷിയും മണ്ണിനെയും സ്നേഹിക്കുന്ന ഒരു തലമുറ ഇവിടെയുണ്ടാകും.

ഇൻഫാമിന്റെ ഓരോ മുന്നേറ്റങ്ങളും കർഷക കരങ്ങൾക്ക് കരുത്തേകുകയും കർഷകന്റെ സ്വപ്നങ്ങൾക്ക് മാറ്റ് കൂട്ടുകയുമാണ്. ഈ ഉദ്യമത്തിൽ ഇനിയും നാം സംഘടനാപ്രവർത്തനങ്ങൾ ശക്തമാക്കി മുന്നേറാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

സ്നേഹാശംസകളോടെ,

മാർ മാത്യു അറയ്ക്കൽ
ഇൻഫാം എപ്പിസ്കോപ്പൽ കമ്മീഷൻ

കാഞ്ഞിരപ്പള്ളി
06-12-2018

---

# നിവേദിത, ചുണങ്ങംവേലി

CHUNANGAMVELY, ALUVA 683112, KERALA.
Tel.: 0484-2837375, Mob: 9387074646, 9847558054
E-mail: nivedithaekm@gmail.com

## Programmes: 2019 January - February

| | | |
|---|---|---|
| Jan. 13 - 19 | : | Retreat for Sisters(SAB) |
| Jan. 20 - 26 | : | Retreat for Sisters(SAB) |
| Feb. 05 - 28 | : | Preparation for Final Profession |
| Feb. 28 - Mar. 03 | : | Jesus Youth |

**Fr. Varghese Pulickal**
**Director**



*നസ്രായന്റെ കൂടെ - 1*

# നിനക്കെന്താണ് നഷ്ടമായത്...?

കുടുംബകൂട്ടായ്മയിലെ പ്രാർത്ഥനയും കഴിഞ്ഞ്, വളരെ ലളിതമായ അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ്, സിജി ജസ്റ്റിനച്ചനോട് ആ കാര്യം പറഞ്ഞത്. "അച്ചാ, നമ്മുടെ ഇവക ഒരു നല്ല ഇടവകയാണ്. അനുദിന ദിവ്യബലിക്ക് ഇരുന്നൂറോളം ആളുകൾ വരുന്നുണ്ട്. വരുന്നവരിൽ മിക്കവരും ദിവ്യകാരുണ്യം സ്വീകരിക്കുന്നു. മതാദ്ധ്യാപനം ഇടവകയിൽ സജീവമാണ്. സംഘടനകളും നന്നായി പ്രവർത്തിക്കുന്നു." ഫുട്ബോൾ മാമാങ്കം ഏതെങ്കിലും രാജ്യത്ത് അരങ്ങേറുമ്പോൾ ജസ്റ്റിനച്ചൻ അവരോടൊപ്പം വലിയ സ്ക്രീനിൽ കളികാണാറുണ്ട്. യുവജനങ്ങൾ പള്ളിമുറ്റത്തുണ്ട്. കോളേജിൽ പഠിപ്പിക്കുന്ന സിജി പറഞ്ഞു. "അച്ചന് വിഷമം തോന്നരുത്. ഈ വിശ്വാസം തൊലിപ്പുറത്തേ ഉള്ളൂ. വളരെ ചുരുക്കം ചിലർ ഒഴിച്ചാൽ മിക്കവർക്കും ഇതൊരു ആചാരം, ഒരു ആശ്വാസം, ഒരു തണൽ." അത്താഴവും കഴിഞ്ഞ് ബൈക്കിൽ മടങ്ങുമ്പോൾ ജസ്റ്റിനച്ചൻ താൻ നടന്നുപോന്ന പാതകളെകുറിച്ച് ചിന്തിച്ചു.

ഒരു സാധാരണ കുടുംബത്തിൽനിന്നാണ് ജസ്റ്റിനച്ചൻ വരുന്നത്. അൾത്താരയിൽ തങ്ങളുടെ കൊച്ചച്ചനെ കാണുമ്പോൾ ഉദിച്ചതാണ് വൈദികനാകാനുള്ള മോഹം. ആ മോഹം പാഴായില്ല. സെമിനാരിയിലെ പഠനത്തിൽ ജസ്റ്റിനച്ചൻ മോശമായിരുന്നില്ല. പക്ഷേ, ആഴങ്ങളിലേക്കിറങ്ങുവാൻ എന്നും ഒരു മടി. ഒരുവിധം കുഴപ്പമില്ലാത്ത മാർക്കുകൾ വാങ്ങി സെമിനാരി പഠനം പൂർത്തിയാക്കി. 33 വർഷം കഴിയുന്നു തിരുപ്പട്ടം കിട്ടിയിട്ട്. മൂന്ന് ഇടവകകളിൽ പള്ളികൾ പണിയിച്ചു. ആർക്കും അലോസരം സൃഷ്ടിക്കാതെ. സാമ്പത്തികമായി പുറകോട്ടുനിന്ന ഇടവകയ്ക്ക് ഏകദേശം ഒരു മാസം ഒരു ലക്ഷം രൂപ ലഭിക്കാവുന്ന ഷോപ്പിംഗ് സെന്റർ പണിതു. നാല് പള്ളികളിൽ സ്ഥലം വാങ്ങിച്ചു. അതിരൂപതയിൽ ഏവരും ബഹുമാനിക്കുന്ന ഒരു വൈദികനാണ് താനെന്ന് ജസ്റ്റിനച്ചന് അറിയാമായിരുന്നു. പലപ്പോഴും വൈദികസമിതിയിൽ അംഗം. ഇതൊക്കെയായിട്ടും സിജിയുടെ നിരീക്ഷണം ജസ്റ്റിനച്ചനെ ആ രാത്രി ആത്മശോധനയിലേക്ക് നയിച്ചു.

കഴിഞ്ഞ വർഷം അച്ചന്റെ പള്ളിയിൽ ബൈബിളിനെ ആസ്പദമാക്കിയുള്ള ധ്യാന സമയത്ത്, ബൈബിൾ മുഴുവൻ വായിച്ചിട്ടുള്ള ആളുകൾ കൈ പൊക്കാൻ ധ്യാനഗുരു ആവശ്യപ്പെട്ടു. താൻ സങ്കീർത്തിയിലിരുന്നത് നന്നായി എന്ന് തോന്നിയ നിമിഷം. സെമിനാരിയിലെ ക്ലാസ്സുകളിൽ അവിടെയും ഇവിടെയും വായിച്ചിട്ടുള്ളതല്ലാതെ സൃഷ്ടിയിൽ ആരംഭിച്ച് വെളിപാടിൽ അവസാനിക്കുന്ന രക്ഷാകരചരിത്രം താൻ വായിച്ചിട്ടുണ്ടോ? തിരുപ്പട്ടത്തിന്റെ സമയത്ത് മെത്രാൻ പുതിയനിയമം മുത്തിച്ചപ്പോൾ പറഞ്ഞത് ഇപ്പോഴും ചെവിയിൽ. യേശുവിനെ അറിയുക. യേശുവിന്റെ ജീവിതശൈലി സ്വന്തമാക്കുക. അറിയാത്തവന്റെ ജീവിതശൈലി എങ്ങനെ സ്വന്തമാക്കുവാൻ?

സിജിയുടെ വീട്ടിൽനിന്ന് മടങ്ങിയെത്തിയ ജസ്റ്റിനച്ചൻ ഇരുൾ പടർന്നുകിടക്കുന്ന ദേവാലയത്തിനുള്ളിലേക്കു കയറി. ദേവാലയത്തിലെ കനത്ത ഇരുട്ടിലും ക്രൂശിതന്റെ രൂപം പ്രകാശിച്ചുനിൽക്കുന്നു. ഈ ക്രിസ്തുവിനെ നോക്കിയല്ലേ പൗലോസ് ശ്ലീഹാ പറഞ്ഞത്. "എനിക്ക് ലാഭമായിരുന്നതെല്ലാം ക്രിസ്തുവിനെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി." ഞാൻ ക്രിസ്തുവിനെപ്രതി എന്താണ് നഷ്ടപ്പെടുത്തിയിരിക്കുന്നത്? അവനെക്കുറിച്ചുള്ള ജ്ഞാനം എനിക്കുണ്ടോ? സുവിശേഷങ്ങളിലെ യേശുവിനെക്കുറിച്ച് എനിക്കെന്തറിയാം? ഞാൻ ചിട്ടയോടെ സുവിശേഷം വായിച്ചിട്ടുണ്ടോ? ഞാൻ എന്റെ ജനത്തിന് സുവിശേഷ വിരുന്ന് വിളമ്പിയോ? ശനിയാഴ്ച വൈകുന്നേരങ്ങളിൽ ഒന്ന് രണ്ട് പ്രസിദ്ധീകരണങ്ങൾ പരതി ഞായറാഴ്ച പ്രസംഗം ഒരുക്കുന്നതിനെക്കുറിച്ച് ഓർത്ത് ജസ്റ്റിനച്ചൻ ആദ്യമായി ലജ്ജിതനായി.

ജസ്റ്റിനച്ചനെ എപ്പോഴും ആകർഷിച്ചിരുന്ന ഒരു സുവിശേഷഭാഗമാണ് പത്രോസിനെ അജപാലകനാക്കുന്ന യോഹന്നാന്റെ സുവിശേഷഭാഗം. കർത്താവ് ചോദിക്കുന്നു; "നീ എന്നെ സ്നേഹിക്കുന്നുവോ?" പത്രോസ് കർത്താവിനെ അറിഞ്ഞിരുന്നു. ഒരു നിർണ്ണായക നിമിഷത്തിൽ ഒന്നു പതറി എന്നുള്ളതേയുള്ളൂ. കർത്താവിനോടുള്ള സ്നേഹമായിരുന്നു മാനദണ്ഡം. അവർ അറിയാത്തവനെ അവരെങ്ങനെ സ്നേഹിക്കും? തന്റെ പൗരോഹിത്യജീവിതത്തിൽ ക്രിസ്തുവിനെ തന്റെ ജനത്തിന് പരിചയപ്പെടുത്തികൊടുക്കുവാൻ ഞാനെന്തുചെയ്തു? അവന്റെ വചനം താൻ ഹൃദിസ്ഥമാക്കിയില്ലെന്ന് മാത്രമല്ല, അവനെക്കുറിച്ച് സംസാരിക്കുവാൻ താൻ മിനക്കെട്ടില്ല എന്ന ചിന്ത ജസ്റ്റിനച്ചനെ മഥിച്ചു. അദ്ദേഹം ആദ്യമായി ക്രൂശിതന്റെ മുൻപിലിരുന്ന് കരയുവാൻ തുടങ്ങി.


തന്നെപോലെതന്നെ തന്റെ ജനങ്ങളും ലോകത്തിന്റെ മായികവലയത്തിൽപ്പെട്ട് ക്രിസ്തുവിനെ വിലപേശുവാനുള്ള ഒരു മുതലാളിയാക്കി മാറ്റുന്നു. രോഗം അടിവേരിന് തന്നെയാണ്. അതുകൊണ്ട്തന്നെ മരം മുരടിച്ച് വളർച്ചമുറ്റി നിൽക്കുന്നു. ക്രൂശിതൻ തന്നെ നോക്കി പുഞ്ചിരിക്കുന്നതായി ജസ്റ്റിനച്ചന് തോന്നി.

പിറ്റേ ദിവസം മുതൽ ജസ്റ്റിനച്ചൻ ഒരു കാര്യം ചെയ്തു തുടങ്ങി. സങ്കീർത്തനങ്ങൾ എന്നും ഇഷ്ടപ്പെട്ടിരുന്ന ജസ്റ്റിനച്ചൻ അവ ഓരോന്നും സാവധാനം ഹൃദിസ്ഥമാക്കുവാൻ ആരംഭിച്ചു. മനസിൽ വരുത്തിയ മാറ്റമായിരുന്നു അത്. രാവിലെ 9.00 മണിയാകുമ്പോൾ മറ്റ് ആവശ്യങ്ങൾ ഇല്ലെങ്കിൽ ബൈബിളുമായി ദേവാലയത്തിലേക്ക് കയറും. സങ്കീർത്തനങ്ങൾ ഉറക്കെ ചൊല്ലും. ജീവിത ദുരന്തങ്ങളിലൂടെ കടന്നുപോകുന്ന തന്റെ ഇടവകജനത്തിന്റെ വേദനയുടെ വിലാപ കണ്ണീരിന്റെ ആഴം, തന്റെ പ്രാർത്ഥനയുടെ ഭാഗമായി മാറുന്നതായി ആ വൈദികൻ ആദ്യമായി മനസ്സിലാക്കി. അടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ നോക്കി നടന്ന വികാരിയച്ചൻ തന്റെ ഇടവകയെ ക്രിസ്തുവിൽ പുനർനിർമ്മാണം ചെയ്യുന്ന യാത്രയിലേക്ക് മാറ്റുന്നത് ജനം തിരിച്ചറിഞ്ഞു.

ശനിയാഴ്ചകളിൽ കുറഞ്ഞത് രണ്ട് മണിക്കൂർ എങ്കിലും ബൈബിളുമായി ധ്യാനിക്കുന്ന ചിട്ടയിലേക്കും ജസ്റ്റിനച്ചൻ മാറി. ഇടവകജനം അച്ചന്റെ പ്രസംഗത്തിൽവന്ന വ്യത്യാസം തിരിച്ചറിഞ്ഞു തുടങ്ങി. യഥാർത്ഥ ഗുരുനാഥന്റെ പക്കലിരുന്നാണ് തന്റെ വചനപ്രഘോഷണം ഒരുക്കുന്നതെന്ന് തിരിച്ചറിയുവാൻ ആളുകൾക്ക് അധികം സമയം വേണ്ടിവന്നില്ല. ഇടവകയിൽ അതൊരു സംസാരമായി. കുടുംബകൂട്ടായ്മകളിൽ പെരുനാളിന്റെ ചർച്ചകൾ, വചനത്തിന്റെ ചർച്ചകളിലേക്കു മാറി. പള്ളിയിൽ കൂടുന്ന മീറ്റിംഗുകളിൽ 5 മിനിറ്റെങ്കിലും ബൈബിൾ വായിച്ച്, ധ്യാനിച്ച്, പ്രാർത്ഥിച്ച് തുടങ്ങണം എന്ന ശൈലി വന്നു. മീറ്റിംഗിന്റെ അവസാനം സങ്കീർത്തനങ്ങൾ വായിച്ച് മീറ്റിംഗ് അവസാനിപ്പിച്ചു. ഒന്നരവർഷം കഴിഞ്ഞ്, ആ പള്ളിയിൽ ജസ്റ്റിനച്ചൻ മാറി പോകുന്ന സമയം. സിജിയും, സിജോയും ചേർന്ന് ഒരു കൊച്ചുസമ്മാനം നൽകി. അതിൽ ഒരു കുറിപ്പുണ്ടായിരുന്നു. “അച്ചൻ ക്രിസ്തുവിനെ നേടിത്തുടങ്ങിയിരിക്കുന്നു. ഇനി അച്ചൻ ഒന്നും ചെയ്യേണ്ട. അവൻ പ്രവർത്തിച്ചു കൊള്ളും.”

**സെബാസ്റ്റ്യൻ പിതാവ്**

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Mar George Cardinal Alencherry
**Archbishop**

## JANUARY 2019

| | | |
|---|---|---|
| 01 | Anakkara | Ordination at Chellarkovil |
| 02 | Mount St. Thomas | S.D.V.S Directors' Meeting |
| 03 | Attapady | Vestition of Abhishekagni Sisters |
| 05 | Kaduthuruthy | Ordination |
| | Kaduthuruthy | Betrothal |
| 07-18 | Mount St. Thomas | Syro-Malabar Bishops' Synod |
| 13 | Ramapuram | Blessing of Church |
| 19 | Pazhanganad | Samaritan Hospital Jubilee |
| | Neeleeswaram | Jubilee of  Fr. Martin Paul Kalaparambil |
| | Vallarpadam Baslica | Marriage Blessing |
| 21-24 | Bangalore | Colloquium |
| 25 | Charalkunnu | Inter Church Council Meeting |
| 27 | Kuravilangad | Holy Qurbana |
| | Athirampuzha | Parish Junbilee Meeting |
| 28 | Bangalore | Convocation Ceremony at Dharmaram |
| 29 | Maruthorvattom | Marriage Blessing |
| 31 | Mount St. Thomas | Major Seminary Rectors' Meet |



## Mar Jacob Manathodath

### Apostolic Administrator

## JANUARY 2019

| | | | |
|---|---|---|---|
| 01 - 06 | | Palakkad | |
| 07 - 18 | | Kakkanad | Syro-Malabar Bishops' Synod |
| 12 | pm | Nedumprakkad | |
| 13 | pm | Ramapuram | Church Blessing |
| 19 | pm | Pazhanganad | Samaritan Hospital - Jubilee |
| 20 | | Palakkad | |
| 23 | am | Basilica, Ekm. | Marriage Blessing |
| 25 | am | Charalakunnu | Inter-Church Meeting |
| 26-28 | | Palakkad | |

## FEBRUARY 2019

| | | | |
|---|---|---|---|
| 01 - 03 | | Palakkad | |
| 7 | pm | N. Parur | Adoration |
| 8 | pm | N.G.O. Quarters | |
| 9 | am | Renewal Centre | *Samarpithasangamam* |
| 10 | am | Basilica, Angamaly | Marriage Blessing |



## Mar Sebastian Adayanthrath

### Auxiliary Bishop

## JANUARY 2019

| | | | |
|---|---|---|---|
| 1 | am | Kuthiathode New | Holy Mass & New Year Celebration |
| 2 | am | Elamkulam | Ordination - Dn. Antony Naduvathussery |

| | | | |
|---|---|---|---|
| 3 | am | Konthuruthy | Ordination - Dn. Jibi Mookkalayil OFM Conv. |
| | pm | Nedungad | Holy Mass |
| 4 | am | Ernakulam | SABS - Holy Mass |
| | | Manjapra | Holy Mass & Message |
| | pm | Bishop's House | Board Meeting - Niveditha |
| 5 | | Bishop's House | Meeting - Madonna Charitable Trust |
| | pm | Kalady | Jubilee - Preshitharam Sisters |
| | | Angamaly | Centenary Celebration of St. Joseph's School |
| | | Niveditha | Jubilee - Fr. Joseph Chakiath & Fr. Varghese Pulickal |
| 6 | am | Edakunnu | Parish Feast |
| | pm | Prasadagiri | Holy Mass & Retreat Conclusion |
| 07 - 18 | | Kakkanad | Syro-Malabar Bishops' Synod |
| 13 | am | Airoor | Marriage Blessing |
| | pm | Koonammavu | Holy Mass & Parish Feast |
| 18 | pm | Thabore | Holy Mass & Procession |
| 19 | am | Pushpagiri | Holy Mass, Jubilee - Fr. Ignatius Payyappilly |
| | pm | Neendakara | Church Blessing |
| 20 | am | Bishop's House | Engaged |
| | pm | Basilica, Ekm. | Holy Mass & Parish Feast |
| 21 | am | Malayattoor | First & Final Profession - Deivadan Sisters |
| 22 | am | Bishop's House | Board Meeting - Subodhana |
| | pm | Bishop's House | Board Meeting - Ponnurunni |
| 23 | am | Bishop's House | Special Meeting - Naipunnya Group |
| | pm | Bishop's House | Board Meeting - S.H. Seminary |
| 24 | pm | Vimalagiri | Meeting Inauguration |
| 25 | pm | Cherukadappuram | Holy Mass & Flag Hoisting |
| 26 | am | Vallam | Jubilee - Fr. Paul Chully |
| | | Kalamassery | Jubilee - CMI Fathers |
| | pm | Keecheri | Blessing - Bethel Old Age Home |
| 27 | am | Nettinampilly | Holy Mass |
| | pm | Thalayolaparambu | Holy Mass |
| 28 | am | Bishop's House | Meeting |

| | | | |
|---|---|---|---|
| 29 | pm | Thripunithura | Procession & Flag Hoisting |
| 30 | am | Renewal Centre | C.A.T. Get-together |

## FEBRUARY 2019

| | | | |
|---|---|---|---|
| 1 | pm | Kuttippara | Holy Mass & Flag Hosting |
| 2 | am | Changapuzhanagar | Holy Mass |
| | pm | Kuttipuzha | Holy Mass & Parish Feast |
| 3 | pm | T.V. Puram | Message |
| 7 | | Aiswaryagram | S.A.F.P. Meeting |
| 9 | am | Renewal Centre | *Samarpithasangamam* |
| | pm | Narakkal | Centenary Celebration of St. Mary's School |
| 10 | am | Pandupara | Holy Mass & Parish Feast |
| | pm | Aluva | Meeting |



# Mar Jose Puthenveettil

## Auxiliary Bishop

## JANUARY 2019

| | | | |
|---|---|---|---|
| 1 | am | Kidangoor | Holy Mass - New Year |
| | | Kanjoor | Jubilee - Fr. Sebastian Vazhapilly |
| 2 | am | Manickamangalam | Ordination - Dn. Sibi Manickathan C.S.T. |
| | pm | Chathamma | Holy Mass |
| 3 | am | Basilica, Ekm. | Ordination - Dn. Zacharia Chirackal MSFS |
| | pm | Poonkavu | Holy Mass |
| 5 | am | Keezhmadu | Holy Mass & Jubilee - Dorothian Sisters |
| | pm | P.O.C. | Conclusion of Youth Year |
| | | Kalady | Baby Shine Retreat |
| | | Niveditha | Jubilee - Fr. Joseph Chakiath & Fr. Varghese Pulickal |

| | | | |
|---|---|---|---|
| 6 | pm | Thripunithura | Ecumenical Meeting |
| 07 - 18 | | Kakkanad | Syro-Malabar Bishops' Synod |
| 13 | am | Chully | Jubilee Celebration Mass |
| 18 | pm | Kuttipuzha | Popular Mission Convention Conclusion |
| 19 | pm | Basilica, Ekm.<br>Cherukadappuram | Betrothal<br>Holy Mass |
| 20 | pm | Ezhupunna | Adoration Message |
| 22 | am | Ernakulam | Holy Mass - Rani Matha |
| 23 | pm | Lisie Hospital<br>Elamkulam | Lamp Lighting Ceremony<br>Ecumenical Meeting |
| 26 | am<br>pm | Basilica, Ekm.<br>Asokapuram | Holy Mass & Jubilee - C.M.C. Sisters<br>Final Profession - F.S.C. Sisters |
| 25 | am | Charalakunnu | Inter-Church Meeting |
| 27 -28 | | Engaged | |
| 29 | | Vadavathoor | Commission Meeting |

## FEBRUARY 2019

| | | | |
|---|---|---|---|
| 1 | pm | Elamakkara<br>Edappally | Holy Mass<br>Meeting |
| 2 | am<br><br>pm | Basilica, Ekm.<br>Edakunnu<br>Udayamperoor Old | Holy Mass<br>Profession & Jubilee - C.S.N. Sisters<br>Holy Mass |
| 3 | am | Orselem | Holy Mass & Centenary Celebration |
| 5 | am | Muttom | Monthly Recollection |
| 6 | | Thankmani | Baptism |
| 7 | am | Kalamassery | Jubilee - S.A.B.S. Sisters |
| 9 | am<br>pm | Renewal Centre<br>Edappally | *Samarpithasangamam*<br>Jubilee Mass |
| 10 | pm | Thrissur | Marriage Blessing |

* * * * *

Prot. No: **C29C/144** December 12, 2018

## DECREE

As authorized by the Apostolic See, I hereby revive the College of Consultors of the Archeparchy of Ernakulam-Angamaly, which was constituted on 1st March 2018 and was temporarily suspended by the Decree of the Apostolic See on 22nd June 2018.

**Mar Jacob Manathodath**
Apostolic Administrator of Ernakulam-Angamaly

Fr. Jose Pollayil
Chancellor

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

**College of the Archeparchial Consultors**

1. Bishop Sebastian Adayanthrath
2. Bishop Jose Puthenveettil
3. Rev. Msgr. Antony Nariculam
4. Rev. Fr. Kodackal Berchmans
5. Rev. Fr. Sebastian Manickathan
6. Rev. Fr. Jose Pollayil
7. Rev. Fr. Kuriakose Mundadan
8. Rev. Fr. Alex Kattezhath
9. Rev. Fr. Lukose Kunnathoor
10. Rev. Fr. Joy Ainiyadan
11. Rev. Fr. Paul Kaithottungal
12. Rev. Fr. Jimmy Poochakatt

Prot. No: **C29C/143** December 12, 2018

## DECREE

As authorized by the Apostolic See, I hereby revive the Finance Council of the Archeparchy of Ernakulam-Angamaly, which was temporarily suspended by the Decree of the Apostolic See on 22nd June 2018.

**Mar Jacob Manathodath**
Apostolic Administrator of Ernakulam-Angamaly

Fr. Jose Pollayil
Chancellor

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

**Archdiocesan Finance Council**

1. Bishop Sebastian Adayanthrath
2. Bishop Jose Puthenveettil
3. Msgr. Antony Nariculam
4. Fr. Sebastian Manikathan
5. Fr. Joseph Koluthuvellil
6. Fr. Joy Kannampuzha
7. Fr. Jose Thottakkara
8. Mr. Chakochen Mappilasserry
9. Adv. Mathew B. Kurian
10. Mr. C.M. Joseph
11. Mr. Mathew Chakola
12. Fr. Jose Pollayil (Special invitee)
13. Mr. Varghese C.P. (Special invitee)

# ജൂബിലി മംഗളങ്ങൾ

## സുവർണ്ണജൂബിലി (1969-70 - 2019-20)




1) റവ. ഫാ. പോൾ കല്ലൂക്കാരൻ
2) റവ. ഫാ. പോൾ കാരാതുരുത്തിൽ
3) റവ. ഫാ. ജോസഫ് നങ്ങേലിമാലിൽ
4) റവ. ഫാ. മാത്യു പെരുമായൻ

## രജതജൂബിലി (1994-95 - 2019-20)




1) റവ. ഫാ. തോമസ് ചിറയ്ക്കൽ മണവാളൻ
2) റവ. ഫാ. പോൾ കൈപ്രമ്പാടൻ (Sr.)
3) റവ. ഫാ. പോൾ കൈത്തോട്ടുങ്കൽ
4) റവ. ഫാ. തോമസ് കണ്ടത്തിൽ
5) റവ. ഫാ. ജോസഫ് കാരാച്ചിറ
6) റവ. ഫാ. പോൾ മാടശ്ശേരി (Sr.)
7) റവ. ഫാ. നിക്ലാവോസ് മണിപ്പറമ്പിൽ
8) റവ. ഫാ. ജോസഫ് പാര്യത്തറ
9) റവ. ഫാ. ജോസ് പൊള്ളയിൽ
10) റവ. ഫാ. ജോൺ പുതുവ
11) റവ. ഫാ. ജോൺസ്റ്റി തച്ചാറ
12) റവ. ഫാ. ജോൺസൺ വടക്കുഞ്ചേരി

*പൗരോഹിത്യത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷി ക്കുന്ന എല്ലാ ജൂബിലേറിയൻസിനും അതിരൂപതയുടെ മംഗ ളാശംസകളും പ്രാർത്ഥനയും സ്നേഹപൂർവ്വം നേരുന്നു.*

# കച്ചേരിക്കാര്യം

## ചരമവാർഷികം



### മാർ അഗസ്റ്റിൻ കണ്ടത്തിൽ

കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്തയുടെ 63-ാം ചരമ വാർഷികം ജനുവരി 10-ാം തീയതിയാണ്. ആ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു. അന്നേ ദിവസം വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ദിവ്യബലിയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്**

## നാമഹേതുകത്തിരുനാൾ

**ജനുവരി 20-ാം തീയതി** നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ **സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്** അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യപിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്**

# സമർപ്പിതദിനം

നമ്മുടെ അതിരൂപതയിൽ സമർപ്പിതരുടെ സംഗമം **ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ** നടത്തുന്നു.

രാവിലെ 9.30-ന് രജിസ്ട്രേഷൻ ആരംഭിക്കും. പൗരോഹിത്യത്തിന്റെയും സന്ന്യാസസമർപ്പണത്തിന്റെയും സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്നവരെയും ആദ്യവ്രതം, നിത്യവ്രതം ചെയ്തവരെയും, നവവൈദികരേയും തദവസരത്തിൽ പ്രത്യേകം ആദരിക്കുന്നു. സംഗമത്തിൽ പ്രത്യേകം ആദരിക്കപ്പെടുന്നവരുടെയും അതിൽ സംബന്ധിക്കുന്ന മറ്റ് സമർപ്പിതരുടെയും എണ്ണം **ജനുവരി 15-ാം തീയതി**ക്കു മുമ്പായി വൈസ് ചാൻസലർ ഫാ. വർഗീസ് പെരുമായനെ (93870 74502) അറിയിക്കേണ്ടതാണ്.

വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത സംഗമത്തിലേക്ക് അതിരൂപതയിലെ എല്ലാ സമർപ്പിതരെയും ഹാർദ്ദമായി ക്ഷണിക്കുന്നു.

**മാർ ജോസ് പുത്തൻവീട്ടിൽ**
**സഹായമെത്രാൻ**

---


## FRANCISCAN CLARIST CONGREGATION (FCC)
**Sacred Heart Province, Clarapuram, ALUVA**

| | | |
|---|---|---|
| Provincial Superior | : | Sr. Anita Jose FCC |
| Asst. Provincial | : | Sr. Lincy Maria FCC |
| Councillors | : | Sr. Santhi Maria FCC |
| | | Sr. Jency Therese FCC |
| | | Sr. Thejus FCC |
| Finance Officer | : | Sr. Phincy Cherian FCC |
| Secretary | : | Sr. Jyothis FCC |

*പുതിയ സാരഥികൾക്ക്*
*അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!*

# CONGREGATION OF THE MOTHER OF CARMEL (CMC)

## Vimala Province Ernakulam



| | | |
|---|---|---|
| Provincial Superior | : | Sr. Subha Maria CMC |
| Vicar Provincial | : | Sr. Vineetha CMC |
| Councillors | : | Sr. Annie Gincitta CMC |
| | | Sr. Vimal Jose CMC |
| | | Sr. Josmi Maria CMC |
| | | Sr. Sini Sebastian CMC |

## Mary Matha Province Angamaly



| | | |
|---|---|---|
| Provincial Superior | : | Sr. Prasanna CMC |
| Vicar Provincial | : | Sr. Merrina CMC |
| Councillors | : | Sr. Leeja Maria CMC |
| | | Sr. Jaya Rose CMC |
| | | Sr. Brijit CMC |
| | | Sr. Merrin CMC |
| Provincial Secretary | : | Sr. Ann Jyothis CMC |
| Finance Secretary | : | Sr. Delsy Maria CMC |

പുതിയ സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!

# AICO

## (Archdiocesans' Institutions Central Office)

അതിരൂപതയുടെ കീഴിലുള്ള 30 സ്ഥാപനങ്ങളും അടുത്ത രണ്ട് മാസങ്ങളിലായി സന്ദർശിച്ച് 2019-2020 വർഷത്തേയ്ക്കുള്ള ബജറ്റ് ഒരുക്കി, ബോർഡ് അംഗങ്ങൾ ഒരുമിച്ചുകൂടി, ബജറ്റ് പഠിച്ച് പാസ്സാക്കുന്നു. വിവിധ സ്ഥാപനങ്ങൾ അടുത്തവർഷം ഏറ്റെടുക്കേണ്ട നൂതന പ്രവർത്തനങ്ങൾ അതിരൂപതാ കച്ചേരിയിൽ ചർച്ച നടത്തി അതിരൂപതയുടെ ലക്ഷ്യത്തിനും മാർഗങ്ങൾക്കും ഉതകുംവിധം അവയെ രൂപപ്പെടുത്തൽ അടുത്ത മൂന്ന് മാസങ്ങളിൽ നടക്കും.

AICO-യുടെകീഴിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അറിയിക്കാവുന്നതാണ്. നമ്മുടെ സ്ഥാപനങ്ങളിലൂടെ ക്രിസ്തുവിന്റെ സ്നേഹാർദ്രമായമുഖം പ്രകടമാക്കപ്പെടാൻ എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. സേവ്യർ തേലക്കാട്ട്**
**ഡയറക്ടർ (9544208823)**



# നിര്യാതരായി



**സി. ജീസ C.M.C.**
സെന്റ് ആൻസ് കോൺവെന്റ്, മുട്ടം.

| | | |
|---|---|---|
| ജനനം | : | 13/03/1941 |
| വ്രതവാഗ്ദാനം | : | 04/05/1960 |
| മരണം | : | 15/12/2018 |



**സി. സൈമൺ M.S.J.**
(ആലീസ് തോമസ് മണിയങ്കോട്ട്, സൗത്ത് പറവൂർ)
നിർമല പ്രൊവിൻഷ്യൽ ഹൗസ്, ആലുവ.

| | | |
|---|---|---|
| ജനനം | : | 26/12/1937 |
| വ്രതവാഗ്ദാനം | : | 24/09/1959 |
| മരണം | : | 25/11/2018 |

# വാർത്തകളും വിശേഷങ്ങളും

## ക്രിസ്മസ് ആശംസ, 'സാഹോദര്യ'ത്തിന്റെ ആശംസയാണ്: ഫ്രാൻസിസ് മാർപാപ്പ

2018 ക്രിസ്മസ് ദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നൽകിയ *ഉർബി എത്ത് ഓർബി* (നഗരത്തിനും ലോകത്തിനും) സന്ദേശത്തിൽ, ക്രിസ്മസ് ആശംസയെ സാഹോദര്യത്തിന്റെ ആശംസയായ് മാർപാപ്പ അവതരിപ്പിച്ചു. ക്രിസ്മസ് എന്നുപറയുന്നത് "ദൈവം ഒരു നല്ല പിതാവാണെന്നും നാമെല്ലാവരും പരസ്പരം സഹോദരീസഹോദരന്മാരാണെന്നും" നമ്മോട് ആഹ്വാനം ചെയ്ത ഒരു ദൈവികശിശുവിനെ സംബന്ധിച്ച കാര്യമാണ്. യേശുവിന്റെ സമ്മാനമായ സാഹോദര്യമില്ലെങ്കിൽ നീതിയുടെ സമൂഹനിർമ്മാണത്തിനായ് നാം ചെയ്യുന്നവ അർത്ഥശൂന്യമായിരിക്കുമെന്നും മാർപാപ്പ ഉദ്ബോധിപ്പിച്ചു. ഇക്കാരണത്താൽ തന്റെ ക്രിസ്മസ് ആശംസ സാഹോദര്യത്തിന്റെ ആശംസയാണെന്ന് മാർപാപ്പ വ്യക്തമാക്കി.

## സീറോമലബാർ സഭയ്ക്ക് കാനഡയിൽ പുതിയ രൂപത

കാനഡയിലെ സീറോമലബാർ എക്സാർക്കേറ്റ് ആയിരുന്ന മിസിസാഗയെ ഫ്രാൻസിസ് മാർപാപ്പ രൂപതയായ് ഉയർത്തി. ഇതിനോടനുബന്ധിച്ചുള്ള മാർപാപ്പയുടെ പ്രഖ്യാപനം 2018 ഡിസംബർ 22-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 12.00-ന് വത്തിക്കാനിലും, ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് 4.30-ന് കാക്കനാട് സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിലും, കാനഡയിലും പ്രസിദ്ധപ്പെടുത്തി. മിസിസാഗയിൽ 2015 ആഗസ്റ്റ് മാസത്തിൽ അപ്പസ്തോലിക് എക്സാർക്കായി നിയമിതനായ മാർ ജോസ് കല്ലുവേലിൽ പിതാവാണ് മിസിസാഗാ രൂപതയുടെ പ്രഥമ മെത്രാൻ

## ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ടു

തൃശൂർ അതിരൂപതാ വൈദികനും, ചാരിറ്റി സന്ന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുമായ ഫാ. അഗസ്റ്റിൻ ജോൺ ഊക്കനെ ധന്യപദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള ഡിക്രിയിൽ ഫ്രാൻസിസ് മാർപാപ്പ ഒപ്പുവച്ചു. തൃശൂർ അതിരൂപതയിൽ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ചാരിറ്റി സന്ന്യാസിനീസമൂഹം മൂന്ന് അംഗങ്ങളുമായി ആരംഭിച്ചത് 1944-ൽ ആണ്. 1995-ൽ ഈ സമൂഹം പൊന്റിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഫാ. അഗസ്റ്റിൻ ജോൺ ഊക്കനെ ധന്യപദവിയിലേക്ക് ഉയർത്തിയതിനോടനുബന്ധിച്ച കൃതജ്ഞതാബലി 2018 ഡിസംബർ 26-ാം തീയതി ചൊവ്വന്നൂർ പള്ളിയിൽ അർപ്പിക്കപ്പെട്ടു.

# വിശ്വാസപരിശീലന കേന്ദ്രം

## സർട്ടിഫിക്കറ്റ് (Std. X), ഡിപ്ലോമ പരീക്ഷകൾ (Std. XI, XII)

## 27-01-2019 - (ഞായർ, 2.00 pm - 4.00 pm)

പ്രത്യേകം ശ്രദ്ധിക്കാൻ:

1. ചോദ്യക്കടലാസ് പായ്ക്കറ്റിന്റെ പുറത്ത് എഴുതിയിരിക്കുന്ന എണ്ണമനുസരിച്ചാണ് ചോദ്യപേപ്പർ വച്ചിരിക്കുന്നത് (രണ്ടെണ്ണം കൂടുതലുണ്ടാകും). ചോദ്യക്കടലാസുകൾക്ക് എണ്ണത്തിൽ കുറവോ മറ്റോ ഉണ്ടെങ്കിൽ **പരീക്ഷാദിവസം (27/01/2019) ഉച്ചകഴിഞ്ഞ് 2.00-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതാണ്. 2.00 മണിക്കു മുമ്പ് അവിടെ** ചോദ്യക്കടലാസുകൾ ഉണ്ടാവില്ല.

2. രജിസ്റ്റർ നമ്പർ അക്ഷരത്തിലും അക്കത്തിലും ആദ്യപേജിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളിടത്താണ് എഴുതേണ്ടത്. **രജിസ്റ്റർ നമ്പർ എഴുതേണ്ട വിധം: അക്കത്തിൽ: 11501 അക്ഷരത്തിൽ : ഒന്ന്, ഒന്ന്, അഞ്ച്, പൂജ്യം, ഒന്ന്.**

3. **ഡിപ്ലോമ ഒന്നാം വർഷക്കാരുടെ ഉത്തരക്കടലാസുകൾ അതതു യൂണിറ്റുകളിൽ മൂല്യനിർണ്ണയം നടത്തി എല്ലാവരുടെയും മാർക്കുകൾ 2019 ഫെബ്രുവരി 15-ന് മുമ്പ് ഓൺലൈനിൽ രജിസ്റ്റർ ചെയ്യണം. 80%വും അതിലധികവും മാർക്കു നേടിയ കുട്ടികളുടെ ഉത്തരക്കടലാസും മാർക്ക് ലിസ്റ്റും കൂടി ഫെബ്രുവരി 9-ന് മുമ്പ്** ഫൊറോന സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

4. പരീക്ഷാ ഫലം ഓൺലൈനിൽ ലഭ്യമാകും. പത്താം ക്ലാസ്സിലെ ഫലം 2019 മാർച്ച് 10-ന് മുൻപ് നൽകാനാവും എന്നു കരുതുന്നു. 12-ാം ക്ലാസ്സിലേത് മാർച്ച് 31-ന് മുൻപും പ്രതീക്ഷിക്കാം.

5. **പരീക്ഷ കഴിഞ്ഞാൽ ഉടനെ തന്നെ പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ ഹാജർ ശതമാനവും** ഓൺലൈനിൽ

രേഖപ്പെടുത്തണം അവസാന തീയതി ഫെബ്രുവരി 2 ആണ്. ഹാജറിന്റെ ശതമാനമാണ് എഴുതേണ്ടത്. **32 ക്ലാസ്സുകളിൽ എത്ര ക്ലാസ്സിൽ വന്നോ അതിന്റെ ശതമാനമാണ് എഴുതേണ്ടത്.**

'വചനദീപ'ത്തിലൂടെ അറിയിച്ചിരുന്നതുപോലെ, ഈ അദ്ധ്യയന വർഷത്തിൽ 60% ഹാജരെങ്കിലുമുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ഡിപ്ലോമ പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഈ വർഷം ഡിപ്ലോമയ്ക്ക് 32 അദ്ധ്യയന ദിവസങ്ങളുള്ളതിനാൽ **20 ക്ലാസ്സിലെങ്കിലും സംബന്ധിച്ച വിദ്യാർത്ഥികൾ മാത്രമേ ഡിപ്ലോമ പരീക്ഷ എഴുതുവാൻ പാടുള്ളൂ. പത്താം ക്ലാസ്സ് പരീക്ഷ എഴുതുന്നതിന് 26 ക്ലാസ്സിലെങ്കിലും (80%) സംബന്ധിച്ചിരിക്കണം. പത്താം ക്ലാസ്സ് പാസ്സാകാൻ 80 ശതമാനം ഹാജറും, 35 ശതമാനം മാർക്കും വേണം. പരീക്ഷക്ക് 50-ൽ 40 മാർക്ക് ഉണ്ടെങ്കിലും ഹാജർ 77 ശതമാനമാണെങ്കിൽ 40 മാർക്കും എ ഗ്രേഡും ഉള്ള കുട്ടി failed ആയിരിക്കും. ഹാജർ കയറ്റാതിരുന്നാലും ഇതുതന്നെ സംഭവിക്കും. എന്നാൽ, തക്കതായ കാരണങ്ങളുള്ളവർക്ക് വികാരിയച്ചന്മാരുടെ തീരുമാനമനുസരിച്ച് പരിഗണന നൽകണം. രണ്ടു സെമസ്റ്ററുകളിലെ പരീക്ഷകൾക്കും ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40-ൽ 14 മാർക്ക് കിട്ടിയാലെ ജയിച്ചതായി കണക്കാക്കുകയുള്ളൂ. ഇന്റേണൽ അസസ്സ്മെന്റ് 10-ൽ 4 മാർക്കും കിട്ടിയിരിക്കണം.**

**ഫെബ്രുവരി 2-ന് മുമ്പ് പന്ത്രണ്ടാം ക്ലാസ്സുകാർ നടത്തിയ അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമിന്റെ മാർക്കുകളും പതിനൊന്നാം ക്ലാസ്സുകാർ നടത്തിയ ഔട്ട് റീച്ച് പ്രോഗ്രാമിന്റെ മാർക്കുകളും, 10, 11, 12 ക്ലാസ്സുകളിലെ ഇന്റേണൽ അസ്സസ്മെന്റ് മാർക്കുകളും കയറ്റേണ്ടതാണ്.**

6. പരീക്ഷയ്ക്കുശേഷം ആൻസർ പേപ്പറുകൾ രജിസ്റ്റർ നമ്പറിന്റെ ക്രമമനുസരിച്ച് പാക്ക് ചെയ്ത്, സീൽ ചെയ്ത് **അന്നുതന്നെ (27/1/2019)** ഫൊറോനാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. വിവിധ ക്ലാസ്സുകളിലെ ആൻസർ ബുക്കുകൾ തമ്മിൽ കൂടിക്കലരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പരീക്ഷ കഴിഞ്ഞ് ഉത്തരക്കടലാസ് വാങ്ങുമ്പോൾ കുട്ടികൾ രജിസ്റ്റർ നമ്പർ, ക്ലാസ്സ് തുടങ്ങിയവ എഴുതിയിട്ടുണ്ടോയെന്ന് കൃത്യമായി പരിശോധിക്കണം. പരീക്ഷയ്ക്ക് വരാത്ത/എഴുതാത്ത കുട്ടികളുടെ

വിവരവും രേഖപ്പെടുത്തിവേണം ഉത്തരക്കടലാസുകൾ ഫൊറോനാ കേന്ദ്രത്തിൽ കൊടുക്കേണ്ടത്. പഠിക്കാൻ വൈകല്യമുള്ള കുട്ടികളുടെ ഉത്തരക്കടലാസിനൊപ്പം ആ വിവരം സാക്ഷ്യപ്പെടുത്തുന്ന ബ. വികാരിയച്ചന്റെ എഴുത്തു കൂടി ഉണ്ടാകണം. അവ പ്രത്യേകമായി വയ്ക്കണം. പരീക്ഷയ്ക്കു മുമ്പ് തന്നെ കുട്ടികളുടെ പേരുകളും രജിസ്റ്റർ നമ്പരും ഒത്തുനോക്കി അവ ശരിയാണോയെന്ന് ഉറപ്പു വരുത്തണം. ഒരേ നമ്പറുള്ള കുട്ടികളുടെ ഉത്തരക്കടലാസുകൾ ഇവിടെ ലഭിച്ചതിന്റെ വെളിച്ചത്തിലാണ് ശ്രദ്ധ കൊടുക്കണമെന്നഭ്യർത്ഥിക്കുന്നത്.

**ഇവയോടൊപ്പം ഉപയോഗിക്കാത്ത ആൻസർ ബുക്കുകളും അഡീഷണൽ ഷീറ്റുകളും വേറെ പായ്ക്കറ്റിലാക്കി ഫൊറോനാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.**

## പ്രധാന പരിപാടികൾ

**ജനുവരി 2019**

01 ചൊവ്വ : ഓഫീസ് അവധി

11 വെള്ളി : സന്മാർഗപാഠ പൊതുപരീക്ഷ (റെഗുലർ സ്കൂൾ) V, VII, IX, XI 10 am-12 noon IV, VI, VIII, X, XII 2.00 pm - 4.00 pm

20 ഞായർ : XI-ാം ക്ലാസ്സ് ഔട്ട് റീച്ച് പ്രോഗ്രാം, XII -ാം ക്ലാസ്സിലെ അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം അധ്യാപകന്റെ റിപ്പോർട്ട് ഫൊറോനയിൽ എത്തിക്കേണ്ട അവസാന തീയതി.

26 ശനി : റിപ്പബ്ളിക്ക് ദിനം ഓഫീസ് അവധി

27 ഞായർ : Std. X, സർട്ടിഫിക്കറ്റ്, Std. XI, XII ഡിപ്ലോമ പരീക്ഷകൾ 2.00 pm - 4.00 pm.

**ഫെബ്രുവരി 2018**

02 ശനി : പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ ഇന്റേണൽ അസ്സസ്മെന്റ്, ഹാജർ ശതമാനം, പന്ത്രണ്ടാം ക്ലാസ്സുകാർ നടത്തിയ അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമിന്റെ മാർക്കുകളും പതിനൊന്നാം

ക്ലാസ്സുകാർ നടത്തിയ ഔട്ട് റീച്ച് പ്രോഗ്രാമിന്റെ മാർക്കുകളും ഓൺലൈനിൽ enter ചെയ്യേണ്ട അവസാന തീയതി.

03 ഞായർ : XII-ാം ക്ലാസ്സിലെ വേദപഠനം പൂർത്തിയാക്കിയവരുടെ വിശ്വാസപ്രഖ്യാപന ശുശ്രൂഷ.

Std. X, XII, ഉത്തരക്കടലാസ് മൂല്യ നിർണ്ണയം ഫൊറോനകളിൽ

09 ശനി : Std. XI- ലെ 80% ത്തിൽ കൂടുതൽ മാർക്ക് നേടിയവരുടെ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും ഫൊറോനയിൽ എത്തിക്കേണ്ട അവസാന തീയതി.

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**
**ഡയറക്ടർ**

---

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2019 JANUARY - FEBRUARY

**I. Marriage Preparation Retreat (MPR)**

| | | | |
|---|---|---|---|
| Jan. | 29-31 [Pair] Kalady | Feb. | 03-05 [Pair] Kaloor |
| Jan. | 28-30 [Single] Kaloor | Feb. | 11-13 [Single] Kaloor |
| Jan. | 22-24 [Single] Kalady | Feb. | 12-14[Pair] Kalady |
| Jan. | 21-23 [Pair] Kaloor | Feb. | 18-20 [Pair] Kaloor |
| Jan. | 15-17 [Pair] Kalady | Feb. | 19-21 [Single] Kalady |
| Jan. | 14-16 [Single] Kaloor | | |
| Jan. | 06-08 [Pair] Kaloor | | |

**II. Babyshine Retreat (Jeevalaya Family Park, Kalady) (9446744111)**

Jan. 04-06 Feb. 01-03

**III. Grace Rings Couples' Retreat (Jeevalaya Family Park) (9446335441)**

Jan. 10-13 Feb. 07-10

**IV. Parenting Retreat (Jeevalaya Family Park, Kalady) (9495950055)**

| | | |
|---|---|---|
| Jan. | 18-20 | Parenting Children Retreat (Age 05-12 Years) |
| Feb. | 22-24 | Parenting Teenagers Retreat (Age 13-19 Years) |

**V. Widows' Retreat (Jeevalaya Family Park, Kalady) 9400929111**

Jan. 25-27 Feb. 15-17

**VI. JFF Meet**

| | | |
|---|---|---|
| Jan. | 05 | Cherthala, Pallippuram |

**VII. FFAFM**

| | | |
|---|---|---|
| Jan. | 06 | Karukutty, Koratty |
| Jan. | 13 | Angamaly, Moozhikkulam |
| Jan. | 20 | Manjapra, Mookkannoor |
| Jan. | 27 | Kizhakkambalam, Parur |

**VIII. T.C.M**

| | | |
|---|---|---|
| Jan. | 12 | North Zone - T.C.M Fire |
| Jan. | 26 | South Zone - T.C.M Fire |

**IX. Family Apostolate Council**

Mar. 04

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

---

# ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

## പ്രോഗ്രാമുകൾ

## ഈശോസ്പർശം ധ്യാനം

ജനുവരി 24-27 : ഹോളി ഫാമിലി ചർച്ച്, കീച്ചേരി

## ഹോം മിഷൻ

ജനുവരി 20-24 : ഹോളി ഫാമിലി ചർച്ച്, കീച്ചേരി

**ഫാ. ജോസഫ് പാറേക്കാട്ടിൽ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## സഹൃദയ ചൈൽഡ് ഹെൽപ് ഡസ്കിന് അവാർഡ്

എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ സഹൃദയയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ചൈൽഡ് ഹെൽപ് ഡസ്കിന് പ്രവർത്തനമികവിനുള്ള ജില്ലാ ശിശു സംരക്ഷണസമിതിയുടെ അവാർഡ് ലഭിച്ചു. ആരംഭിച്ച് ആദ്യ ആറുമാസത്തിനുള്ളിൽ 141 കുട്ടികളെ അസ്വാഭാവിക സാഹചര്യങ്ങളിൽ കണ്ടെത്തി രക്ഷാകേന്ദ്രങ്ങളിലെത്തിക്കാൻ ഹെൽപ് ഡസ്കിനു കഴിഞ്ഞു. ശിശുദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച *ചൈൽഡ് ലൈൻ സേ ദോസ്തി* വാരാചരണം സംസ്ഥാനതലത്തിൽതന്നെ മികവുറ്റതാക്കിയതും പുരസ്കാരനേട്ടത്തിനു കാരണമായി.

## നവ്ദർശൻ പദ്ധതിക്കു തുടക്കമായി

വി-ഗാർഡിന്റെ സഹകരണത്തോടെ എറണാകുളം, തൃശൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്പെഷ്യൽ സ്കൂളുകളിലെ മാനസിക പരിമിതികളുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി നടപ്പാക്കുന്ന നവ്ദർശൻ പദ്ധതിയുടെ ആദ്യഘട്ടത്തിനു തുടക്കമായി. അങ്കമാലി ബസിലിക്ക ഹാളിൽ മാർ തോമസ് ചക്യത്ത് പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വി ഗാർഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പദ്ധതി ഉദ്ഘാടനം ചെയ്തു.

## പ്രൊമോട്ടേഴ്സ് മീറ്റ്

ഗ്രാമതലങ്ങളിൽ സഹൃദയയുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്ന പ്രൊമോട്ടർ സിസ്റ്റർമാരുടെ സംഗമം സഹൃദയയിൽ സംഘടിപ്പിച്ചു. സമകാലികസമൂഹത്തിൽ സമർപ്പിതരുടെ വ്യത്യസ്ത കർമ്മമേഖലകൾ, സമൂഹം സമർപ്പിതരിൽനിന്നു പ്രതീക്ഷിക്കുന്ന കാര്യങ്ങൾ തുടങ്ങിയ സംവാദങ്ങൾ, ഫൊറോനാ സെക്രട്ടറിമാരുടെ തെരഞ്ഞെടുപ്പ് എന്നിവ ഇത്തവണത്തെ സംഗമത്തിന്റെ സവിശേഷതകളായി. ജൂബിലി ആഘോഷിച്ച സിസ്റ്റേഴ്സിനെ യോഗത്തിൽ ആദരിച്ചു.

## ഉണർവ് സംഗമം

ഫാമിലി അപ്പൊസ്റ്റൊലേറ്റ് ജൂഡിത്ത് ഫോറത്തിന്റെയും കേരളാ സോഷ്യൽ സർവീസ് ഫോറത്തിന്റെയും സഹകരണത്തോടെ സഹൃദയ

ഉണർവ് വിധവാസംഗമം സംഘടിപ്പിച്ചു. ജീവിത പ്രചോദന ക്ലാസ്സ്, കേക്ക്-ചോക്കളേറ്റ് നിർമാണ പരിശീലനം തുടങ്ങിയവയും സംഗമത്തിന്റെ ഭാഗമായിരുന്നു.

**സഹൃദയ സഹയാത്ര-എബിലിറ്റി ഫെസ്റ്റ്**

ലോക ഭിന്നശേഷിദിനാചരണത്തിന്റെ ഭാഗമായി 9 മേഖലകളിൽ സഹയാത്ര എബിലിറ്റി ഫെസ്റ്റ് സംഘടിപ്പിച്ചു. ചേർത്തല, എറണാകുളം ബസിലിക്ക, അങ്കമാലി ബസിലിക്ക, കൈപ്ര, കറുകുറ്റി, പെരുമ്പാവൂർ, തൃപ്പൂണിത്തുറ, മഞ്ഞപ്ര, പറവൂർ എന്നിവിടങ്ങളിൽ സംഘടിപ്പിച്ച എബിലിറ്റി ഫെസ്റ്റിൽ മൂവായിരത്തോളം ഭിന്നശേഷിക്കാർ സംബന്ധിച്ചു.

**മൂന്നു കോടി രൂപ തൊഴിൽ വായ്പ**

പ്രളയത്തിൽ തൊഴിൽ സംരംഭങ്ങൾ നഷ്ടപ്പെട്ടവർക്ക് തൊഴിൽ പുനരുജ്ജീവിപ്പിക്കുന്നതിനായി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹകരണത്തോടെ സംഘങ്ങൾ വഴി വായ്പയായി മൂന്നു കോടി രൂപ സ്വയം തൊഴിൽ വായ്പയായി നല്കി.

**ഹരിതസഹായ സ്ഥാപനം- പഞ്ചായത്തുകളുടെ യോഗം**

കേരള സർക്കാരിന്റെ ഹരിതസഹായസ്ഥാപനമെന്ന നിലയിലുള്ള പ്രവർത്തനങ്ങളുടെ തുടക്കമായി വൈക്കം ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, സെക്രട്ടറിമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷന്മാർ തുടങ്ങിയവരുടെ യോഗം സഹൃദയയുടെ സഹകരണത്തോടെ ശുചിത്വ മിഷൻ വൈക്കം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു.

**മാനസികാരോഗ്യ പദ്ധതി - മരുന്നുവിതരണം**

സ്നേഹ മാനസികാരോഗ്യ പദ്ധതി വഴി മരുന്നു ലഭിച്ചു കൊണ്ടിരിക്കുന്നവർക്കുള്ള മരുന്നു വിതരണവും അവരെ പരിപാലിക്കുന്നവർക്കുള്ള ബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചു.

**ഹരിതഭവനങ്ങൾ പൂർത്തിയാകുന്നു**

പ്രളയാനന്തര പുനരധിവാസ പദ്ധതിയുടെ ഭാഗമായി സഹൃദയയുടെ നേതൃത്വത്തിൽ കുറുമശേരി, നടുവട്ടം, തണ്ണീർമുക്കം എന്നിവിടങ്ങളിൽ നിർമ്മിച്ചു നല്കിയ ഹരിതഭവനങ്ങൾ ആശീർവദിച്ചു.

# സഹായ, വായ്പാ വിതരണ വിവരം നവംബർ 2018

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ് മൈക്രോ ഫിനാൻസ്** | | |
| സ്വയംതൊഴിൽ വായ്പ | 1,17,75,000.00 | |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (13) | | 1,28,036.00 |
| കർമ്മശ്രീ സ്വയംതൊഴിൽ പദ്ധതി (10) | | 1,07,000.00 |
| സ്പെഷ്യൽ ഗിഫ്റ്റ് (11) | | 8,500.00 |
| **ലൈറ്റ് എ ലൈഫ് - കുടുംബ സഹായ പദ്ധതി** | | |
| ചികിത്സാ സഹായം | | 57,000.00 |
| ഭവന നിർമാണ സഹായം | | 20,000.00 |
| ഭവന പുനരുദ്ധാരണ സഹായം | | 10,000.00 |
| വൈകല്യ ചികിത്സാ സഹായം | | 8,000.00 |
| ശ്രവണ സഹായി സഹായം | | 10,000.00 |
| മുച്ചക്രവാഹന സഹായം | | 30,000.00 |
| സ്വയംതൊഴിൽ സഹായം | | 21,000.00 |
| വായ്പാ തിരിച്ചടവ് സഹായം | | 18,000.00 |
| പ്രളയദുരിതാശ്വാസ സഹായം | | 86,000.00 |
| കിഡ്നി മാറ്റിവയ്ക്കൽ സഹായം | | 10,000.00 |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| കുടുംബസഹായം | | 4,500.00 |
| ചികിത്സാ സഹായം | | 6,000.00 |
| **എസ്.എൽ.എഫ്. വികലാംഗ സഹായ പദ്ധതി** | | |
| ചികിത്സാ സഹായം (21) | | 1,08,300.00 |
| തെറാപ്പി സഹായം | | 5,000.00 |
| വിദ്യാഭ്യാസ സഹായം (3) | | 14,400.00 |
| സഹായ ഉപകരണങ്ങൾ (3) | | 17,800.00 |

**സി.ബി.ആർ. പദ്ധതി സഹായം**

| | |
|---|---|
| തെറാപ്പി സഹായം (11) | 99,500.00 |
| സ്വയംതൊഴിൽ സഹായം (5) | 75,000.00 |

**ഇൻഷുറൻസ് പദ്ധതികൾ**

| | |
|---|---|
| സഹൃദയ കാരുണ്യ ഇൻഷുറൻസ് (മൂന്നാം ഘട്ടം) | 1,67,37,650.00 |
| സഹൃദയ ആശ്വാസ് (6) | 6,000.00 |

## അതിരൂപതാ സഹായനിധി നവംബർ 2018

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | | | | |
| അങ്കമാലി | | 3,000.00 | | |
| മഞ്ഞപ്ര | | 3,000.00 | | |
| മൂഴിക്കുളം | | 1,500.00 | | |
| കാഞ്ഞൂർ | | 3,000.00 | | |
| വല്ലം | 3,000.00 | 1,000.00 | | |
| എറണാകുളം | | 2,500.00 | | |
| കിഴക്കമ്പലം | | 2,500.00 | | |
| ഇടപ്പള്ളി | 5,000.00 | 4,000.00 | | |
| പറവൂർ | 2,000.00 | | | |
| തൃപ്പൂണിത്തുറ | | | | 3,000.00 |
| വൈക്കം | | 2,500.00 | | |
| പള്ളിപ്പുറം | 5,000.00 | | | |
| ചേർത്തല | 5,000.00 | 4,500.00 | | |
| മുക്കന്നൂർ | | 3,500.00 | | |
| കറുകുറ്റി | | | | |
| **ആകെ** | **20,000.00** | **31,000.00** | | **3,000.00** |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

# CHRISTIAN LIFE COMMUNITY (CLC)

**Renewal Centre, Kaloor, Kochi-17**

## സി.എൽ.സി. ഇലക്ഷൻ റിപ്പോർട്ട്

അതിരൂപത സി.എൽ.സി. യുടെ 2018-2020 വർഷത്തേക്കുള്ള തെരഞ്ഞെടുപ്പ് 2018 നവംബർ 6-ന് കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. അതിരൂപത പ്രൊമോട്ടർ ഫാ. തോമസ് മഴുവഞ്ചേരി വരണാധികാരിയായ തിരഞ്ഞെടുപ്പിന് അതിരൂപതാ പ്രസിഡന്റ് ശ്രീ. ജെസ്റ്റിൻ സ്റ്റീഫൻ, മോഡറേറ്റർ സി. എലൈസ് എന്നിവർ നേതൃത്വം നൽകി. തിരഞ്ഞെടുപ്പിനുശേഷം നടന്ന പൊതുസമ്മേളനം മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു.

### 2018-2020 ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | : **അനിൽ പാലത്തിങ്കൽ (ഇടപ്പള്ളി)** |
| സെക്രട്ടറി | : **ജെറിൻ ജോസ് (ഇല്ലിത്തോട്)** |
| ട്രഷറർ | : **ആൻസൻ ആന്റണി (കോക്കമംഗലം)** |
| വൈസ് പ്രസിഡന്റ് | : **ഷാജി വി. ഇടവൂർ (കൂടാലപ്പാട്)** |
| വൈസ് പ്രസിഡന്റ് | : **ആൻമേരി ടോമി (നോർത്ത് ചമ്പന്നൂർ)** |
| ജോ. സെക്രട്ടറി | : **തോമസ് ഇത്തിത്തറ (തോട്ടകം)** |
| ജോ. സെക്രട്ടറി | : **ആഷ്ന ബെന്നി (കണ്ടനാട്)** |
| ഓർഗനൈസർ | : **ആൽബർട്ട് കോളരിയ്ക്കൽ (അങ്കമാലി)** |

ഫോർമേഷൻ ടീം

| | |
|---|---|
| വൈസ് ചെയർമാൻ | : **ജൂഡ് ജോസ് (കോടുശ്ശേരി)** |
| വൈസ് ചെയർപേഴ്സൺ | : **അന്ന ജിലിയ ജോസ് (കാലടി)** |

സോണൽ ഓർഗനൈസർമാർ

| | |
|---|---|
| സൗത്ത് സോൺ | : **ഫ്രെഡി ജോസ് (പള്ളിപ്പുറം)** |
| സെൻട്രൽ സോൺ | : **ടോണി ജോർജ് തോമസ് (ഉദയംപേരൂർ ന്യൂ)** |
| നോർത്ത് സോൺ | : **വിനീഷ് ജെൻസൻ (എടക്കുന്ന്)** |
| ഈസ്റ്റ് സോൺ | : **ജോസ്ബിൻ ബേബി (സെബിപുരം)** |
| എക്സിക്യൂട്ടീവ് മെമ്പർ | : **ബിബിൻ വെളുത്തേപ്പിള്ളി (സൗത്ത് വാഴക്കുളം)** |
| എക്സിക്യൂട്ടീവ് മെമ്പർ | : **ഹെനിന്റ് ബേബി (എറണാകുളം)** |

എക്സ് ഒഫീഷ്യോ മെമ്പേഴ്സ് :

സംസ്ഥാന വൈസ് പ്രസിഡന്റ് : **ഷൈജോ പറമ്പി (കുറുകുറ്റി ആശ്രമം)**
മുൻ പ്രസിഡന്റ് : **ജെസ്റ്റിൻ സ്റ്റീഫൻ (കൈപ്പട്ടൂർ)**
മുൻ സെക്രട്ടറി : **സിനോബി ജോയ് (നോർത്ത് തുറവൂർ)**

നോമിനേറ്റ് ചെയ്യപ്പെട്ടവർ :

അതിരൂപതാ ഓഫീസ് സെക്രട്ടറി : **റിജു പാപ്പച്ചൻ (അങ്കമാലി)**
*പുലരി* - ചീഫ് എഡിറ്റർ : **ജിന്റോ പൗലോസ് (കോടനാട്)**
സബ് എഡിറ്റർ : **ജോസഫ് ഫ്രാൻസീസ് (പുഷ്പഗിരി)**
സബ് എഡിറ്റർ : **ജേക്കബ് വർഗീസ് (വിജോപുരം)**
സബ് എഡിറ്റർ : **ജോയൽ ജെജു (കോട്ടക്കാവ്)**

## പ്രവർത്തന വർഷ ഉദ്ഘാടനം

2018-2020 പ്രവർത്തന വർഷ ഉദ്ഘാടനം ഇടപ്പള്ളി ഫൊറോനയുടെ ആതിഥേയത്വത്തിൽ ഇടപ്പള്ളി സെന്റ് ജോർജ് ഇടവകയിൽ നടന്നു. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. പുതിയ പ്രസിഡന്റ് ശ്രീ. അനിൽ പാലത്തിങ്കൽ അദ്ധ്യക്ഷനായ ചടങ്ങിൽ ഫാ. തോമസ് മഴുവഞ്ചേരി, ഫാ. കുര്യാക്കോസ് ഇരവിമംഗലം, ഫാ. ജെറ്റോ തോട്ടുങ്കൽ, ഫാ. കുര്യാക്കോസ് ഭരണികുളങ്ങര, ശ്രീ. ജെസ്റ്റിൻ സ്റ്റീഫൻ, ശ്രീ. ഷാജി വി. ഇടവൂർ, ശ്രീ. ആൻസൻ ആന്റണി, ശ്രീ. സിനോബി ജോയി, ശ്രീ. മാർട്ടിൻ കണ്ടത്തിൽ, ശ്രീ. നിബിൻ നേരിയേക്കൽ, ശ്രീ. ജോയി പള്ളിപ്പാടൻ, ശ്രീ. എബിൻ കണ്ടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## പ്രവർത്തന വർഷ പുരസ്കാരവിതരണം

2017-2018 പ്രവർത്തനവർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച യൂണിറ്റുകൾക്കും, ഫൊറോനകൾക്കുമുള്ള പുരസ്കാര വിതരണം മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് നിർവഹിച്ചു. അതിരൂപതാ പ്രൊമോട്ടർ ഫാ. തോമസ് മഴുവഞ്ചേരി ഔദ്യോഗികമായി അവാർഡു ജേതാക്കളെ പ്രഖ്യാപിച്ചു. ഫൊറോന തലത്തിൽ കാഞ്ഞൂർ ഫൊറോന ഒന്നാം സ്ഥാനവും, വല്ലം ഫൊറോന രണ്ടാം സ്ഥാനവും കരസ്ഥമാക്കി. യൂണിറ്റു തലത്തിൽ കൈപ്പട്ടൂർ യൂണിറ്റ് ഒന്നാം സ്ഥാനവും, എടക്കുന്ന്, ചെമ്പ് യൂണിറ്റുകൾ രണ്ടാം സ്ഥാനവും കാലടി, സെബിപുരം യൂണിറ്റുകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ലിസ്യൂനഗർ, പൂണിത്തുറ, ഇല്ലിത്തോട് യൂണിറ്റുകൾ എ ഗ്രേഡിന് അർഹരായി.

## അതിരൂപത സി.എൽ.സി 106-ാം ജന്മദിനാഘോഷം

2018 ഡിസംബർ 8-ന് തോപ്പിൽ മേരീ ക്വീൻ ദേവാലയത്തിൽ അതിരൂപത സി.എൽ.സി. യുടെ 106-ാം ജന്മദിനാഘോഷം നടന്നു. മാർ ജേക്കബ് മാനത്തോടത്ത് പിതാവ് കേക്ക് മുറിച്ച് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ്, ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലം, അതിരൂപതാ പ്രൊമോട്ടർ ഫാ. തോമസ് മഴുവഞ്ചേരി എന്നിവർ ആശംസകൾ നേർന്നു.

## ക്രിസ്മസ് ഈവ്

സി.എൽ.സി. അതിരൂപത കൗൺസിലിന്റെ ക്രിസ്മസ് ആഘോഷങ്ങൾ ഡിസംബർ 22-ാം തീയതി ശനിയാഴ്ച 3.00 ന് ബിഷപ് ഹൗസിൽ നടന്നു. അഭിവന്ദ്യ പിതാക്കൻമാരുടെ സാന്നിദ്ധ്യത്തിൽ കേക്ക് മുറിച്ചു; ക്രിസ്മസ് സമ്മാനങ്ങൾ പങ്കുവച്ചും, ക്രിസ്മസ് സന്ദേശങ്ങൾ കൈമാറിയും ക്രിസ്തുമസ് ആഘോഷങ്ങൾ മനോഹരമാക്കി.

## ഒരുമയുടെ കൂടാരം

കിഴക്കമ്പലം ഫൊറോനയുടെ ആതിഥേയത്വത്തിൽ 2019 ജനുവരി 2-ന് സി.എൽ.സി. യുവജന സംഗമം ഒരുമയുടെ കൂടാരം സംഘടിപ്പിക്കും. വിലങ്ങ് പ്രൊവിഡന്റ്സ് ഹോമിലാണ് പരിപാടി നടത്തുക.

## പരീക്ഷ ഒരുക്ക ശുശ്രൂഷ

വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷയ്ക്ക് മുന്നോടിയായി ഫെബ്രുവരി മാസത്തിൽ പരീക്ഷ ഒരുക്ക ശുശ്രൂഷ നടത്തപ്പെടുന്നു. അതാതു ഫൊറോനാ കൗൺസിലുകൾ പരിപാടിക്ക് നേതൃത്വം നൽകും.

## ഫാ. സേവ്യർ തേലക്കാട്ട് (Jr.) മെമ്മോറിയൽ പ്രസംഗമത്സരം

സി.എൽ.സി. മുൻ അതിരൂപതാ പ്രൊമോട്ടർ ആയിരുന്ന ഫാ. സേവ്യർ തേലക്കാട്ടിനെ അനുസ്മരിച്ചുകൊണ്ട് സി.എൽ.സി. എറണാകുളം-അങ്കമാലി അതിരൂപതാ കൗൺസിൽ സംഘടിപ്പിക്കുന്ന പ്രസംഗമത്സരം 2019 മാർച്ച് 9-ന് കലൂർ റിന്യൂവൽ സെന്ററിൽ നടക്കും, ഓരോ ഇടവകയിൽ നിന്നും 18 വയസ് മുതൽ 35 വയസ് വരെയുള്ളവർക്ക് പങ്കെടുക്കാവുന്ന മത്സരത്തിൽ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും സമ്മാനമായി നൽകും.

**ഫാ. തോമസ് മഴുവഞ്ചേരി**
**അതിരൂപതാ പ്രൊമോട്ടർ**

# അതിരൂപതാ ഡയറി

**നവംബർ 2018**

20 ജോർജ് ആലഞ്ചേരി പിതാവ് ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ നടന്ന മനസ്സമ്മത ചടങ്ങിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് താന്നിപ്പുഴ പള്ളിയിൽ ഫാ. ജോസഫ് ചക്യത്തിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന കൃതജ്ഞതാബലിയിൽ വചന സന്ദേശം നൽകി.

22 ജോർജ് ആലഞ്ചേരി പിതാവ് 20 ദിവസത്തെ പ്രിസ്റ്റൺ രൂപതാ സന്ദർശനത്തിനായി ഗ്രേറ്റ് ബ്രിട്ടണിലേയ്ക്കു പോയി.

22-25 ജോസ് പുത്തൻവീട്ടിൽ പിതാവ് ബാംഗ്ലൂരിൽ നടന്ന കോൺഫറൻസിൽ പങ്കെടുത്തു.

23 ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് കിഴക്കമ്പലം സെന്റ് ആന്റണീസ് പള്ളിയുടെ തിരുനാളിനോട് അനുബന്ധിച്ച് നടന്ന പൊതു ദിവ്യകാരുണ്യ ആരാധനയിൽ സമാപന ആശീർവാദം നൽകുകയും, ദിവ്യകാരുണ്യ സന്ദേശം നൽകുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് വൈക്കത്ത് സി.എം.സി. സഭാംഗമായ സി. അസറിയ നീരാക്കൻ-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

24 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ അരമനയിൽ നടന്ന ഈ വർഷം വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മൂക്കന്നൂർ-മഞ്ഞപ്ര ഫൊറോനകളിലെ വിവാഹോത്സവ് ഉദ്ഘാടനം ചെയ്തു.

25 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എഫ്.സി.സി. സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ചേർത്തല ഫൊറോനയിൽ നടന്ന കാറ്റക്കിസം എലൈവ് പ്രോഗ്രാമിൽ പങ്കെടുത്തു. വൈകുന്നേരം തൈക്കാട്ടുശ്ശേരി പള്ളിയിൽ ആരാധനയുടെ സമാപനസന്ദേശം നൽകി.

26 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ അരമനയിൽ നടന്ന B.M.C.-B.M.I.M.-ന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

വൈകുന്നേരം വൈറ്റിലയിൽ നടന്ന കാത്തലിക് ബിസിനസ് ഫോറം മീറ്റിംഗിൽ പങ്കെടുത്തു.

27 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തൃക്കാക്കര ഗുരുകുലം സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് നൈപുണ്യ വെൽഫെയറിന്റെയും നൈപുണ്യ പൊങ്ങത്തിന്റെയും ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം എറണാകുളം സി.എസ്.എൻ. കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

28 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന ജൂബിലേറിയൻസ് മീറ്റ് പ്രോഗ്രാമിൽ പങ്കെടുത്തു. വൈകുന്നേരം നീറിക്കോട് പള്ളിയിൽ വി. കുർബാന അർപ്പിച്ച് സെമിത്തേരി വെഞ്ചെരിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു.

29 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മാർ ലൂയീസ് ആർട്ട്സ് ആന്റ് ബുക്സ് സെന്റർ, സോഷ്യൽ കളമശ്ശേരി എന്നിവയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം എറണാകുളം ബസിലിക്കാ ഹാളിൽ നടന്ന മഹാജൂബിലി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

30 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തുരുത്തിപ്പുറം പള്ളിയിൽ വി. കുർബാന അർപ്പിച്ച് സെമിത്തേരിയുടെ വെഞ്ചെരിപ്പ് നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് ചക്കരക്കടവ് പള്ളിയിൽ വി.കുർബാന അർപ്പിച്ചു.

**ഡിസംബർ 2018**

1 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മൂക്കന്നൂർ ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും ബൈബിൾ മാസാചരണത്തിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തു. ഇടപ്പള്ളി ഫൊറോനയിൽ നടന്ന ഗ്രെയ്സ് റിപ്പിൾസിന്റെ കോൺഫറൻസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ നടന്ന ഗ്രെയ്സ് റിപ്പിൾസ് പ്രോഗ്രാമിന്റെ ഉദ്ഘാടനം നിർവ

ഹിച്ചു. അങ്കമാലിയിൽ നടന്ന വിമെൻ വെൽഫെയർ മീറ്റിംഗിൽ പങ്കെടുത്തു.

2 ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് കാഞ്ഞൂർ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വചനസന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഇടപ്പള്ളി ഫൊറോനയിൽ നടന്ന സി.എൽ.സി. അതിരൂപതാ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് തൃപ്പൂണിത്തുറ ഫൊറോനയുടെ കാറ്റക്കിസം എലൈവ് മീറ്റിംഗിൽ പങ്കെടുത്തു.

3 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ എറണാകുളം ബസിലിക്കയിൽ സഹൃദയയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട 'സഹയാത്ര' പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

4 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ എളവൂരിൽ ബ. ജോയ് കല്ലറയ്ക്കൽ അച്ചന്റെ ജ്യേഷ്ഠസഹാദരൻ ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. പി.ഒ.സി. യിൽ നടത്തപ്പെട്ട കെ.സി.ബി.സി. യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ആമ്പല്ലൂരിൽ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ സഹോദരി എൽസിയുടെ മൃതസംസ്കാര ശുശ്രൂഷയോട് ബന്ധപ്പെട്ട് പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ചെത്തിക്കോട് സൗഖ്യസദൻ സന്ദർശിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ സഹോദരിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പിതാവ് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ജോസ് പുത്തൻവീട്ടിൽ പിതാവ് പള്ളിയിലെ ശുശ്രൂഷകളിൽ പങ്കെടുത്തു.

5 ജേക്കബ് മനത്തോടത്ത് പിതാവ് ഉളവയ്പ് പള്ളിയിൽ തേങ്ങാത്തറ ബ. ജോസ്, കുര്യാക്കോസ് അച്ചന്മാരുടെ സഹോദരൻ തോമസിന്റെ ഏഴാം ചരമദിന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പി.ഒ.സി. യിൽ നടത്തപ്പെട്ട കെ.സി.ബി.സി. യോഗത്തിൽ പങ്കെടുത്തു.

5–6 ജേക്കബ് മനത്തോടത്ത് പിതാവും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും പി.ഒ.സി.–യിൽ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

6 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈകുന്നേരം പാലാരിവട്ടം ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകുന്നേരം എടക്കുന്ന് നൈപുണ്യ സ്കൂളിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

7 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് സമ്പാളൂർ ഇടവകയിലെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ അങ്കമാലി വിശ്വജ്യോതിയിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് കാലടി പ്രേഷിതാരാം ജനറലേറ്റിൽ സഭാദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

8 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ അങ്കമാലി വിശ്വജ്യോതി സി.എം.ഐ. പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ഗ്രെയ്സ് റിപ്പിൾസ് മീറ്റ്–2018 ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് തോപ്പിൽ പുതുതായി നിർമ്മിച്ച മേരി ക്വീൻ പള്ളിയുടെ കൂദാശാകർമ്മം നിർവഹിച്ച് വചന സന്ദേശം നൽകുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം സെന്റ് പോൾസ് ബുക്സിന്റെ നവീകരിച്ച ഷോപ്പ് വെഞ്ചെരിച്ചു. ഇല്ലിത്തോട് ദർശന ധ്യാനകേന്ദ്രത്തിൽ നടന്ന കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. സഹൃദയ സോഷ്യൽ സർവീസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ പെരുമ്പാവൂരിൽ നടന്ന വികലാംഗദിന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. വൈകുന്നേരം തോപ്പിൽ പുതിയ പള്ളിയുടെ വെഞ്ചെരിപ്പ് കർമ്മത്തോട് അനുബന്ധിച്ചുനടന്ന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് അങ്കമാലിയിൽ അങ്കമാലി

സോണിന്റെ ഗ്രെയ്സ് റിപ്പിൾസ് കോൺഫറൻസിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മൂഴിക്കുളത്ത് നടന്ന സി. എൽ.സി. മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം സെഹിയോൻപുരം ഇടവകയിൽ നടന്ന ബൈബിൾ മാസാചരണത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

9 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പുതിയകാവ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മൂഴിക്കുളം ഫൊറോനയിൽ നടന്ന കാറ്റക്കിസം എലൈവ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം മറ്റൂർ പള്ളിയിൽ ബ. ആന്റണി മാങ്കുറിയിൽ അച്ചന്റെ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടന്ന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യൂവൽ സെന്ററിൽ കെ.സി. വൈ.എം. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച മീറ്റിംഗിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് തൃപ്പൂണിത്തുറ ഫൊറോനയിൽ സഹൃദയയുടെ ആഭിമുഖ്യത്തിൽ നടന്ന വികലാംഗദിനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

10 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ദേവഗിരി പ്രീസ്റ്റ്സ് ഹോമിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് റിന്യൂവൽ സെന്ററിൽ നടന്ന തിയോളജിയൻസിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

11 ജോർജ് ആലഞ്ചേരി പിതാവ് പ്രിസ്റ്റൺ രുപതാ സന്ദർശനം കഴിഞ്ഞ് തിരികെയെത്തി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ റിന്യൂവൽ സെന്ററിൽ നടന്ന സിറ്റി ഇവാഞ്ചലൈസേഷൻ മീറ്റിംഗിലും ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന നൈപുണ്യ കൊച്ചിയുടെ ബോർഡ് മീറ്റിംഗിലും പങ്കെടുത്തു.

12 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന കമ്മീഷൻ സെക്രട്ടറിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

ജേക്കബ് മനത്തോടത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മീറ്റിംഗിൽ സംബന്ധിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന എൽ.എഫ്. ആശുപത്രിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

13 ജോർജ് ആലഞ്ചേരി പിതാവ് Pontifical Council for Christian Unity Secretary Bp. Briyan Farell പിതാവിനെ സന്ദർശിച്ചു.

ജേക്കബ് മനത്തോടത്ത് പിതാവും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും രാവിലെ മേജർ ആർച്ചുബിഷപ്സ് ഹൗസിൽ നടന്ന കൺസൾട്ടേഴ്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് മുന്നൂർപിള്ളി പള്ളിയിൽ എസ്.എ.ബി.എസ്. സിസ്റ്റേഴ്സിന്റെ ജനറൽ ചാപ്റ്ററിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഭാരത മാതാ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

15 ജോർജ് ആലഞ്ചേരി പിതാവ് കാക്കനാട് സെന്റ് ഫ്രാൻസിസ് അസ്സീസി പള്ളിയിൽ മാമ്മോദീസാ നൽകി. കളമശ്ശേരി യൂണിവേഴ്സിറ്റി പള്ളിയിൽ, കർദിനാൾ പിതാവിന്റെ ഡ്രൈവർ ശ്രീ. ചെറിയാന്റെ മകൾ അഞ്ജനയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

ജേക്കബ് മനത്തോടത്ത് പിതാവ് ചേർത്തലയിൽ ബ. ജോൺ പൊള്ളേച്ചിറ അച്ചന്റെ വന്ദ്യമാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. മൂക്കന്നൂരിൽ ബ. പോൾ കൈപ്രമ്പാടൻ അച്ചന്റെ വന്ദ്യപിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കോട്ടയ്ക്കാവ് പള്ളിയിൽ നടന്ന യൂത്ത് മീറ്റിംഗിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. മുട്ടത്ത് ബ. ജോൺ പൊള്ളേച്ചിറ അച്ചന്റെ വന്ദ്യമാതാവിന്റേയും, മൂക്കന്നൂരിൽ ബ. പോൾ കൈപ്രമ്പാടൻ അച്ചന്റെ വന്ദ്യപിതാവിന്റേയും, മഞ്ഞപ്രയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ഡ്രൈവർ ശ്രീ. ചെറിയാന്റെ മകൾ

അഞ്ജനയുടെയും മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. സുബോധനയിൽ നടന്ന സിംപോസിയത്തിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് എറണാകുളം സെന്റ് തെരേസാസിൽ നടന്ന സി.ആർ.ഐ. മീറ്റിംഗിൽ പങ്കെടുത്തു. മുട്ടത്ത് ബ. ജോൺ പൊള്ളേച്ചിറ അച്ചന്റെ വന്ദ്യമാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. തൃക്കാക്കരയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ഡ്രൈവർ ശ്രീ. ചെറിയാന്റെ മകൾ അഞ്ജനയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെയും സെമിത്തേരിയിലേയും കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 ജോർജ് ആലഞ്ചേരി പിതാവ് പാലാരിവട്ടം സെന്റ് മാർട്ടിൻ ഡി പോറസ് ദേവാലയത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കടുത്തു. അരീക്കരയിൽ നടത്തപ്പെട്ട കോട്ടയം രൂപതാംഗമായ ബഹു. ചാഴിക്കാട്ടച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കറുകുറ്റിയിൽ ബ. ചക്യൻ അച്ചന്റെയും, ബ. തേക്കാനത്ത് അച്ചന്റെയും ജൂബിലി മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വൈകുന്നേരം പൂണിത്തുറ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും യൂത്ത് മീറ്റിൽ പങ്കെടുക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് അശോകപുരം പള്ളി സംഘടിപ്പിച്ച ഇതരസംസ്ഥാന തൊഴിലാളികളോടൊപ്പമുള്ള ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് ക്രിസ്മസ് സന്ദേശം നൽകി.

17 ജോർജ് ആലഞ്ചേരി പിതാവ് തടിയൂർ സെന്റ് ആന്റണീസ് ദേവാലയത്തിൽ നടന്ന ബഹു. ജി.റ്റി. ഊന്നുകല്ലേൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന ഭാരത മാതാ-നൈപുണ്യ സ്ഥാപനങ്ങളുടേയും, ഫാമിലി അപ്പോസ്റ്റലേറ്റിന്റേയും മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ലിസി ആശുപത്രയിൽ നടന്ന ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് പൂണിത്തുറ പള്ളിയിൽ വി. കുർബാന അർപ്പിച്ച് യൂത്ത് മീറ്റിംഗിൽ പങ്കെടുത്തു.

18 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട Laity and Pastoral Secretaries-ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വിയാനിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കാടുകുറ്റി പള്ളിയിൽ ബ. ആന്റണി ചിറപ്പണത്ത് അച്ചന്റെ ജൂബിലിയോടനുബന്ധിച്ച് നടന്ന വി. കുർബാനയിലും മീറ്റിംഗിലും പങ്കെടുത്ത് ആശംസകൾ നേർന്നു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കാടുകുറ്റി പള്ളിയിൽ ബ. ആന്റണി ചിറപ്പണത്ത് അച്ചന്റെ ജൂബിലിയോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ സന്ദേശം നൽകി.

19 ജോർജ് ആലഞ്ചേരി പിതാവ് മലയാറ്റൂരിൽ ബ. ജോർജ് കുറ്റിക്കലച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന വി. കുർബാനയിൽ മുഖ്യ കാർമികത്വം വഹിച്ചു. ഫാ. ജോർജ് കുറ്റിക്കൽ മെമ്മോറിയൽ ഭവനത്തിന്റെ ആശീർവാദകർമ്മവും നിർവഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന മാതാനഗർ സ്കൂളിന്റെയും, ഭാരത മാതാ ലീഗൽ സ്റ്റഡീസിന്റെയും ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം എറണാകുളം ബസിലിക്കാ പ്രെയർ ഗ്രൂപ്പിൽ ക്രിസ്മസ് സന്ദേശം നൽകി.

ജേക്കബ് മനത്തോടത്ത് പിതാവും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽനടന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

20 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ തൃക്കാക്കര മൈനർ സെമിനാരി സന്ദർശിക്കുകയും ബ്രദേഴ്സിന് ക്രിസ്മസ് സന്ദേശം നൽകുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു. വിജോഭവൻ സെമിത്തേരിയിൽ, കർദിനാൾ പിതാവിന്റെ ഡ്രൈവർ ശ്രീ. ചെറിയാന്റെ മകൾ അഞ്ജനയുടെ ഏഴാം ചരമദിന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമി

കത്വം വഹിച്ചു. വിജോഭവനിലെ വൈദികരോടൊപ്പമുള്ള ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

എറണാകുളം അരമനയിൽനിന്നും അഭിവന്ദ്യപിതാക്കന്മാരും അവിടെ സേവനം ചെയ്യുന്ന അച്ചന്മാരും മൗണ്ട് സെന്റ് തോമസിൽ ചെന്ന് ജോർജ് ആലഞ്ചേരി പിതാവിന് ക്രിസ്മസ് മംഗളങ്ങൾ നേർന്നു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം എഫ്.സി.സി. കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. റിന്യൂവൽ സെന്റർ, ചിറ്റൂർ ധ്യാനകേന്ദ്രം എന്നിവയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം തൃക്കാക്കര മൈനർ സെമിനാരിയിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് എഴുപുന്നയിൽ സ്കൂളിന്റെ പുതിയ ലാബിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി. വാതക്കാട് നടന്ന യൂത്ത് മീറ്റിൽ സന്ദേശം നൽകി.

21 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിലെ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സ്റ്റാഫ് അംഗങ്ങൾക്ക് സമ്മാനങ്ങളും, ആശംസകളും കൈമാറി. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ മേജർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികളോടൊപ്പം പിതാക്കന്മാർ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് തിരുമുടിക്കുന്നിൽ ലെപ്രസി ആശുപത്രിയിലെ രോഗികളോടും, ഫ്രാൻസിസ്കൻ മൂന്നാം സഭയിലെ സഹോദരികളോടുമൊപ്പം വി. കുർബാന അർപ്പിക്കുകയും ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു.

22 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് AICO-യുടെ ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന ഇതരസംസ്ഥാന പെൺകുട്ടികളുടെ ക്രിസ്മസ് ആഘോഷങ്ങൾ എറണാകുളം

ബസിലിക്ക ഹാളിൽ വച്ച് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. പൊന്നുരുന്നി സഹൃദയയിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിലും മീറ്റിംഗിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, ബ. വൈദികരും, സിസ്റ്റേഴ്സും, അൽമായരും അരമനയിലെത്തി അഭിവന്ദ്യ പിതാക്കന്മാരെ നേരിൽ കണ്ട് ക്രിസ്മസ് ആശംസകൾ കൈമാറി.

23 ജോർജ് ആലഞ്ചേരി പിതാവ് Laity Forum - ത്തിന്റെ ആഭിമുഖ്യത്തിൽ മൗണ്ട് സെന്റ് തോമസിൽ നടന്ന ക്രിസ്മസ് കൂട്ടായ്മയിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സൗത്ത് പറവൂർ ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും, ഇടവകയുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചെരിപ്പ് നടത്തുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കൊരട്ടിയിൽ ആരാധനാ സഭാംഗമായ സി. ആനി കടവിലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭാഗമായി നടന്ന വി. കുർബാനയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു.

24 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഭിക്ഷാടകർക്കായി രാവിലെ അരമനയിൽ ഒരുക്കിയ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും അവർക്ക് ക്രിസ്മസ് സന്ദേശം നൽകുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിലെ വൈദികരും ഒരുമിച്ച് വരാപ്പുഴ അതിമെത്രാസനത്തിൽ ചെന്ന് ക്രിസ്മസ് ആശംസകൾ കൈമാറി.

25 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിലും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ചക്കരക്കടവ് പള്ളിയിലും ജോസ് പുത്തൻവീട്ടിൽ പിതാവ് കുത്തിയതോട് സെന്റ് തോമസ് പള്ളിയിലും പിറവിതിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

* * * * *

പുതിയതായി നിർമ്മിച്ച

# മേരി ക്യൂൻ ചർച്ച്

## തോപ്പിൽ



കൂദാശകർമ്മം

08 – 12 – 2018



Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.01.2019

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM

പുതിയതായി നിർമ്മിച്ച

## നിത്യസഹായ മാത പള്ളി

ആയത്തുപടി

കൂദാശകർമ്മം
26-12-2018





Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Jose Pollayil